25 years

Kandanad

Diocesan

BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 11, 15 November 2015

എഡിറ്റോറിയൽ

# ഈ സമരം ആവശ്യമുള്ളതോ?

**ഫാ**റൂഖ് കോളജിൽ കഴിഞ്ഞ മാസം 20ന് ഉണ്ടായ ഒരു സംഭവവും അതിനോടുള്ള ചില വിദ്യാർത്ഥികളുടെയും സാമൂഹ്യ-സാംസ്കാരിക-കലാപ്രവർത്തകരുടെയും പ്രതികരണവുമാണ് ഈ മുഖക്കുറിപ്പിലെ ചർച്ചാവിഷയം. ഒന്നാം വർഷം ബിരുദ വിദ്യാർത്ഥികളുടെ പൊതുമലയാളംക്ലാസ്സിൽ ഒൻപതു വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ ഒരേ ബഞ്ചിൽ ഇരിക്കണമെന്ന് ശഠിച്ചു. അധ്യാപകൻ അതിന് അനുവദിച്ചില്ല. അവർ ക്ലാസ്സ് ബഹിഷ്ക്കരിച്ച് ഇറങ്ങിപ്പോയി. വിവരം അധ്യാപകൻ പ്രിൻസിപ്പലിന് റിപ്പോർട്ട് ചെയ്തു. രക്ഷാകർത്താക്കളോടൊപ്പം തന്നെ വന്നു കണ്ട് അനുവാദം വാങ്ങിയശേഷമേ ക്ലാസ്സിൽ കയറാവൂ എന്ന് പ്രിൻസിപ്പൽ ആ ഒൻപതു പേരെയും അറിയിച്ചു. അതനുസരിച്ച് അവരിൽ എട്ടു പേർ തങ്ങളുടെ രക്ഷാകർത്താക്കളെ കൂട്ടി പ്രിൻസിപ്പലിനെ കണ്ട് മാപ്പപേക്ഷ എഴുതിക്കൊടുത്ത് പ്രശ്നം അവസാനിപ്പിച്ച് ക്ലാസ്സിൽ പുനർപ്രവേശനാനുമതി നേടി. എന്നാൽ ഒൻപതാമൻ-കെ. ഡിനു എന്ന സോഷ്യോളജി വിദ്യാർത്ഥി-അതിനു തയ്യാറായില്ല. കോളജ് അച്ചടക്ക സമിതിയും പി.റ്റി.എയും വിളിച്ചു കൂട്ടി അവരുടെ ഏകകണ്ഠമായ തീരുമാനത്തോടെ പ്രിൻസിപ്പൽ അയാളെ സസ്പെന്റ് ചെയ്തു. അന്വേഷണച്ചുമതല അച്ചടക്ക സമിതിയെ ഏൽപ്പിക്കുകയുമുണ്ടായി. വിവരം മാധ്യമങ്ങൾക്കു കിട്ടി. കോളജധികൃതർ വിദ്യാർത്ഥികൾക്കിടയിൽ ലിംഗവേർതിരിവ് (gender segregation) അടിച്ചേൽപ്പിക്കുന്നു എന്നാരോപിച്ച് ചിലർ ഡിനുവിനെ പിന്തുണയ്ക്കാൻ കൂടി. അവരിൽ സാമൂഹ്യ- സാംസ്കാരിക പ്രവർത്തകർ, എഴുത്തുകാർ, സിനിമാക്കാർ, എന്നിവരൊക്കെയുണ്ട്. അവർ കോഴിക്കോട് മാനാഞ്ചിറ മൈതാനത്ത് ഫാറൂഖ് കോളജധികൃതരുടെ നടപടിക്കെതിരെ നവംബർ 3ന് ഒരു സമ്മേളനം സംഘടിപ്പിക്കുകയും നടുറോഡിൽ പുരുഷൻമാരുടെയും സ്ത്രീകളുടെയും ഒരുസങ്കര മാതൃകാ ക്ലാസ്സ് അവതരിപ്പിക്കുകയും ചെയ്തു. അൻപതോളം പ്രശസ്ത വ്യക്തികൾ ചേർന്ന് കോളജിൽ ലിംഗവേർതിരിവ് അവസാനിപ്പിക്കണമെന്നു കാണിച്ച് യു.ജി.സി, യൂണിവേഴ്സിറ്റി, സർക്കാർ എന്നിവയ്ക്കെല്ലാം പരാതി നൽകുകയും ചെയ്തു. ഫാറൂഖ് കോളജിൽ ക്യാന്റീനിൽ മുപ്പതോളം വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ ഇടകലർന്നിരുന്ന് പ്രതിഷേധ ഭോജനം നടത്തി. ചുംബന സമരം പോലെ മറ്റൊന്ന് കേരളത്തിൽ ഉരുണ്ടുകൂടുകയാണ്. ഈ ഘട്ടത്തിലാണ് അഞ്ചര പതിറ്റാണ്ടു മുമ്പ് ഫാറൂഖ് കോളേജ് വിദ്യാർത്ഥിയായിരുന്ന ഞാൻ ഈ സംഭവത്തെ വിലയിരുത്താൻ തൂലികയെടുക്കുന്നത്.

കോളജുകളിൽ രണ്ടാം ഭാഷയായി മലയാളവും, ഹിന്ദിയും, മറ്റും പഠിക്കുന്നത് ഓപ്ഷണൽ വിഷയങ്ങൾക്കു നൽകുന്ന ഗൗരവത്തോടെയല്ല എന്ന് അവിടെ പഠിച്ചിട്ടുള്ളവർക്കെല്ലാം അറിയാം. അതുകൊണ്ട് ആ ക്ലാസ്സുകൾ പൊതുവെ ഒഴപ്പാണ്. ഉപരിപഠനത്തിനോ, ജോലി ലഭ്യതയ്ക്കോ ഈ വിഷയങ്ങളിലെ മാർക്ക് നിർണ്ണായകമല്ല എന്നതാണ് അതിനു പ്രധാന കാരണം. എല്ലാ വകുപ്പുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഒഴുകിയെത്തുന്നതിനാൽ ഒരു മഹായോഗത്തിന്റെ പ്രതീതിയാണ് ഈ ക്ലാസ്സുകൾ ജനിപ്പിക്കാറുള്ളത്. അതിനാൽ ഈ ക്ലാസ്സുകൾ ആഘോഷിക്കാനാണ്

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ഈ സമരം ആവശ്യമുള്ളതോ? ................** 1

**മാട്ടിറച്ചി വിവാദം രാജ്യത്തിന്റെ മതനിരപേക്ഷത തകർക്കരുത് ..................** 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**“THE BRIDGE BETWEEN FAITH AND BIOLOGICAL HEALING” ................................** 6
Dr. Sojan Ipe M.S.

**അനുഭവങ്ങൾ,വീക്ഷണങ്ങൾ, വിശദീകരണങ്ങൾ .....................................** 10
ഫാ. എബ്രാഹാം കാരാമ്മേൽ

**ഔദ്യോഗിക സമ്മർദ്ദങ്ങളും വിവാഹ ജീവിതവും ........................................** 12
പ്രൊഫ. മേരി മാത്യു, കുഴിമറ്റം

**മാറുന്ന നാട്ടിൻപുറം ........................................** 14
അശ്വതി സാന്റി ബിനോയ്

**വാർത്തകൾ, അറിയിപ്പുകൾ ..............** 15-16

കുട്ടികളുടെ താല്പര്യം. ആഘോഷം ആസ്വാദ്യകരമാക്കുവാൻ ഏതു വിഡ്ഢിവേഷം കെട്ടാനും വിക്രിയ കാട്ടാനും അവർ-പ്രത്യേകിച്ച് ആൺകുട്ടികൾ-റെഡിയാണ്. (ഇക്കാര്യത്തിൽ തങ്ങളും പിന്നിലല്ലെന്നു കാണിക്കാനുള്ള ശ്രമത്തിലാണ് പെൺകുട്ടികളുമിപ്പോൾ) അതിന്റെ ഭഗമായിട്ടാണ് പെൺകുട്ടികൾക്കിടയിൽ ഇരിപ്പിടം കാണാനുള്ള ആൺകുട്ടികളുടെ ബദ്ധപ്പാടും അതിനു പ്രോത്സാഹനം നല്കാനുള്ള മറുഭാഗത്തിന്റെ താത്പര്യവും. യൗവനാരംഭദശയുടെ സമ്മർദ്ദങ്ങൾ വിട്ടുമാറാത്ത പ്രായവുമാണ് അവർക്ക്. കൂടാതെ എതിർലിംഗക്കാരെ രസിപ്പിക്കുന്നതിൽ ഒരു പ്രത്യേക സംതൃപ്തിയുമുണ്ടല്ലോ. ഇതെല്ലാമാണ് ഫാറൂഖ് കോളേജിലും അരങ്ങേറിയത്. അതല്ലാതെ സാമുഹ്യപരിഷ്കരണം ലക്ഷ്യം വച്ചൊന്നുമല്ല. അതൊക്കെ പിന്തുണക്കാനെത്തിയ സാമൂഹ്യപ്രവർത്തകരുടെ ഭാഷ്യമാണ്.

മറ്റൊരു കാര്യം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ബിരുദ പഠനകോഴ്സിലെ ആദ്യവർഷക്ലാസിലാണ് സംഭവം. കോളേജിലെ ഏറ്റവും ഇളംതലമുറ. അവിടെയാണ് നേതാക്കൾ രൂപം കൊള്ളുന്നത്. അതിന് ഏതുവേഷവും റോളും ചേരും. ഏതുവിധേനയും ‘പോപുലർ’ ആയാൽ മതി. ഡിനു ഒരാഴ്ചകൊണ്ട് രാജ്യാന്തര ഖ്യാതി നേടിയതു കണ്ടില്ലേ? രാഷ്ട്രീയ കക്ഷികളുടെ പരോക്ഷമായ ഒത്താശയുമുണ്ടാകും.

ഇത്തരം സമരങ്ങൾക്ക് പിന്തുണ നൽകുന്ന വലിയ മനുഷ്യർ ചില കാര്യങ്ങൾ ഓർക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. ഒന്നാമത് അച്ചടക്കമില്ലാത്ത ഒരു ക്ലാസ്സിൽ പഠിപ്പിക്കേണ്ടി വരുന്ന അധ്യാപകന്റെ ഗതികേടാണ്. സാധാരണ അഞ്ചുപേർ ഇരിക്കുന്ന ഒരു ബഞ്ചിൽ ആണും പെണ്ണുമായി ഒൻപതു പേർ ഇരുന്നാലെങ്ങനെ? ആ ഇരിപ്പൊന്നു മനസ്സിൽ കണ്ടേ. ഇതിന് അവരെ അനുവദിച്ചാൽ മറ്റുള്ളവർക്ക് പുളിക്കുമോ? അവർക്കുമില്ലേ ലിംഗസമത്വ അവകാശം? അവർക്കും അത് അനുവദിച്ചു കൊടുക്കണ്ടേ? ക്ലാസ്സുകൾ ഇങ്ങനെ കൂട്ടുകൃഷിപ്പരുവത്തിലായാൽ അവിടെ പഠിപ്പിക്കുന്ന അധ്യാപകന്റെ ദുർവിധി ആലോചിക്കണം. ഗൗരവബോധവും പ്രതിബദ്ധതയും കൃത്യനിഷ്ഠയുമുള്ള ഒരധ്യാപകനെ സംബന്ധിച്ചിടത്തോളം അച്ചടക്കമില്ലാത്ത ക്ലാസ്സ് നരകതുല്യമാണ്.

രണ്ടാമതായി ഒരു സാമൂഹ്യമാറ്റം ലക്ഷ്യം വയ്ക്കുമ്പോൾ അതിന് നിലവിലുള്ള സമ്പ്രദായത്തിൽ നിന്ന് എന്തെങ്കിലും മേന്മ ഉണ്ടാകണം. ക്ലാസിൽ ആൺ-പെൺ ഇടകലർന്നിരുന്നാൽ എന്തു മെച്ചമാണ് പഠനത്തിന് ഉണ്ടാവുക? സമൂഹത്തിനു ലഭിക്കുക? വിദ്യാർത്ഥികളുടെ ശ്രദ്ധ കേന്ദ്രീകരണ ശക്തികൂടുമോ? ചിന്താശക്തിവർദ്ധിക്കുമോ? പെരുമാറ്റം മിനുസപ്പെടുമോ? സംസ്കാരം വളരുമോ? ഒരു ജനമുന്നേറ്റത്തെയോ സമരത്തെയോ പിന്തുണയ്ക്കുന്നതിനു മുൻപ് അത് വ്യക്തികൾക്കും സമൂഹത്തിനും

*(ശേഷം 14-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# മാട്ടിറച്ചി വിവാദം രാജ്യത്തിന്റെ മതനിരപേക്ഷത തകർക്കരുത്

കന്നുകാലികളെ കൊല്ലുന്നതും അവയുടെ മാസം ഭക്ഷിക്കുന്നതും നിരോധിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ അക്രമസംഭവങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കന്നുകാലികളെ കൊല്ലുന്നതും, അവയുടെ മാസം (beef) വില്ക്കുന്നതും പാചകം ചെയ്യുന്നതും ഭക്ഷിക്കുന്നതുമെല്ലാം തടയണം എന്ന ആവശ്യം നിറവേറ്റുന്നതിനുവേണ്ട നിയമനിർമ്മാണം പല സംസ്ഥാനങ്ങളിലും നടന്നു കഴിഞ്ഞു. മാട്ടിറച്ചി ഭക്ഷിച്ചു എന്ന് ആരോപിച്ച് ബീഹാറിൽ ഒരാളെ ചിലർ സംഘം ചേർന്ന് അടിച്ചുകൊന്നിട്ട് അധികനാളായില്ല. ഇതേ കുറ്റം പറഞ്ഞ് യു.പി.യിലെ ദാദ്രിയിൽ മറ്റൊരാളെയും. കന്നുകാലി മാസം വിളമ്പി എന്ന വാർത്ത കേട്ട് ഡൽഹിയിൽ കേരളാ ഹൗസിന്റെ അടുക്കളയിൽ പോലീസ് കയറി പരിശോധന നടത്തി. ഇതെല്ലാം കാണുമ്പോൾ ഈ രാജ്യം മുഴുവൻ ഒരു ഭ്രാന്താലയമായി മാറുന്നു എന്ന ഭീതി സുബോധമുള്ളവരിലെല്ലാം വളരുന്നു. ഇതിനിടെ തെരുവുനായ്ക്കളുടെ എണ്ണം പെരുകി അവയുടെ ആക്രമണം നിത്യസംഭവമായി. കുട്ടികളും വൃദ്ധജനങ്ങളും ഉൾപ്പെടെയുള്ള വഴിയാത്രക്കാരെ അവ കടിച്ചുകീറുന്നു. വളർത്തുമൃഗങ്ങളെ കൊന്നൊടുക്കുന്നു. എന്നാൽ ഈ നായ്ക്കളെ കൊല്ലാൻ ഭരണ സംവിധാനവും കോടതിയും വിലക്കു കല്പിക്കുന്നു. ഏതായാലും നായ്ക്കളുടെ സംരക്ഷണം മതങ്ങളൊന്നും ഏറ്റെടുത്തിട്ടില്ല എന്നൊരാശ്വാസമുണ്ട്.

ഇന്ത്യ ഒരു മതനിരപേക്ഷ (secular) ജനാധിപത്യ രാജ്യമാണെന്ന വസ്തുത ഈ നാട്ടുകാർ വിസ്മരിച്ചു കളയുന്നതുപോലെ തോന്നുന്നു. സെക്കുലർ എന്നാൽ 'മത നിയമങ്ങളിൽ നിന്നു സ്വതന്ത്രമായ നിയമ ഭരണ വ്യവസ്ഥ നിലനില്ക്കുന്ന' എന്നാണർത്ഥം. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനും ഒരു മതത്തിലും, ദൈവത്തിലും വിശ്വസിക്കാതിരിക്കുന്നതിനും ഓരോ ഇന്ത്യൻ പൗരനും സ്വാതന്ത്ര്യവും അവകാശവുമുണ്ട്. അതിന്റെ പേരിൽ ആർക്കും പ്രത്യേക പരിഗണനയോ അവഗണനയോ ഇല്ലതാനും. മതവിശ്വാസം, മത നിയമങ്ങൾ, മതാനുഷ്ഠാനങ്ങൾ എന്നിവയെല്ലാം അതതു മതത്തിലെ അംഗങ്ങൾക്കു മാത്രമേ ബാധകമാകൂ. മതം അടിസ്ഥാനപരമായി ഒരു വ്യക്തിയുടെ സ്വതന്ത്ര്യത്തിൽപെട്ട കാര്യമാണ്. രാജ്യനിയമങ്ങൾ തികച്ചും മതവിമുക്തമാണ്. അതായത് മതശാസനകൾ രാഷ്ട്രനിയമമാക്കുന്നത് ഇന്ത്യൻ ഭരണഘടന അനുവദിക്കുന്നില്ല. അതുപോലെ തന്നെ ഇന്ത്യൻ ജനാധിപത്യവും സവിശേഷതയുള്ളതാണ്. ഭൂരിപക്ഷ രാഷ്ട്രീയപാർട്ടി സർക്കാർ രൂപീകരിക്കുന്നുവെങ്കിലും ഇവിടത്തെ ന്യൂനപക്ഷ-ദുർബല-പിന്നാക്ക വിഭാഗങ്ങളുടെ അവകാശ സ്വാതന്ത്ര്യങ്ങൾ ഭൂരിപക്ഷം ഉണ്ടെന്ന പേരിൽ സർക്കാരിന് നിഷേധിക്കാൻ ആവുന്നതല്ല. അവരുടെ അടിസ്ഥാന സ്വാതന്ത്ര്യാവകാശങ്ങൾ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുവാൻ ഉറപ്പു നൽകുക കൂടി ചെയ്യുന്നതാണ് ഇന്ത്യൻ ഭരണഘടന. അതു വിഭാവന ചെയ്യുകയും നിലനിർത്തുകയും ചെയ്യുന്ന സെക്കുലർ ജനാധിപത്യ സംവിധാനം അംഗീകരിക്കുന്ന വൈവിധ്യവും ബഹുസ്വരതയും ഭീഷണി നേരിടുന്നു എന്ന ധാരണ ഇന്ന് വ്യാപകമായി ഈ നാട്ടിൽ പടർന്നുപിടിക്കുന്ന പശ്ചാത്തലത്തിൽ വേണം മാട്ടിറച്ചി നിരോധനകാര്യവും പരിഗണിക്കുവാൻ.

ഏതെങ്കിലും ഒരു മതത്തിന്റെ വിശ്വാസ-ആചാര-അനുഷ്ഠാനങ്ങൾ ഈ നാടിന്റെ നിയമമായിക്കൂടാ എന്നതും അങ്ങനെ അതിന്റെ മതനിരപേക്ഷതയ്ക്ക് ഭംഗമേല്പിച്ചുകൂടാ എന്നതും മൗലികമായ ഒരു നിരീക്ഷണമാണ്. ഏതു മതത്തിനും അതിന്റെ ആചാര-അനുഷ്ഠാന രീതികൾ അടിസ്ഥാന പൗരസ്വാതന്ത്ര്യത്തിനും രാഷ്ട്ര നിയമങ്ങൾക്കും വിരുദ്ധമാകാത്തിടത്തോളം കാലം അനുവദനീയമാണ്. മാത്രമല്ല അവ ആദരിക്കപ്പെടുകയും ചെയ്യുന്നു. ഒരു സംഘടിത മതത്തിൽ അംഗമായിരിക്കണം എന്നും ഈശ്വരനിൽ വിശ്വസിക്കണം എന്നുമുള്ള നിഷ്ക്കർഷ ഇന്ത്യൻ ഭരണഘടനയിലില്ല. മത/മതരഹിത ജീവിതവും പ്രവർത്തനങ്ങളും ഒരു കാരണവശാലും മറ്റാരുടെയും അവകാശ സ്വാതന്ത്ര്യങ്ങളെയും ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതനിരപേക്ഷതയെയും അപകടത്തിലാക്കരുത് എന്നു മാത്രമേ നിർബന്ധമുള്ളൂ.

വിശ്വാസം, ആചാരം, അനുഷ്ഠാനം, ഭക്ഷണം എന്നിവ സംബന്ധിച്ച നിയമങ്ങൾ അതാത് മതങ്ങൾ അവയുടെ അനുയായികൾക്ക് ബാധകമാക്കാവുന്നതാണ്. ഇതു തർക്ക കാരണമാകുന്നില്ല. എന്നാൽ അവ ഇതരമതക്കാർക്കോ, മതമില്ലാത്തവർക്കോ നിർബന്ധപൂർവ്വം ബാധകമാക്കിക്കൂടാ. നിയമങ്ങൾ തെറ്റിക്കുന്ന വ്യക്തികളെ മതത്തിൽ നിന്ന് പുറത്താക്കാൻവരെയുള്ള ശിക്ഷാനടപടികൾ മതങ്ങൾക്കാകാം. ഇതിൽ സർക്കാരിന് ഇടപെടേണ്ടകാര്യമില്ല. മാട്ടിറച്ചി ഭക്ഷിക്കുന്നത് ഹിന്ദുമതനിഷേധമെങ്കിൽ അതു കഴിക്കുന്ന

ഹിന്ദുക്കളെ സംബന്ധിച്ച് നടപടി എടുക്കുന്നതിന് ആ മതത്തിന് അധികാരവും സ്വാതന്ത്ര്യവുമുണ്ട്. ഇസ്ലാം മതത്തിൽ പന്നിമാസംവും മദ്യവും കഴിക്കുന്നത് 'ഹറാം' ആണ്. അതുകൊണ്ട് ആ നിയമം ലംഘിക്കുന്ന അംഗത്തെ ആ മതത്തിൽ നിന്നു പുറത്താക്കിയാൽ രാഷ്ട്രത്തിന് തടയാനാവില്ല. ക്രൈസ്തവ ദമ്പതികൾ നിയമാനുസൃതം വിവാഹമോചനം നേടിയെന്നതുകൊണ്ടുമാത്രം സഭ പുനർവിവാഹാനുമതി അവർക്ക് നല്കിക്കൊള്ളണമെന്നില്ല. അതായത് മതനിയമങ്ങൾ ലംഘിക്കുന്ന അംഗങ്ങളെ സംബന്ധിച്ച് ഉചിതമായ നടപടിയെടുക്കാനുള്ള സ്വാതന്ത്ര്യാധികാരങ്ങൾ ഓരോ മതത്തിനുമുണ്ട്. എന്നാൽ മത രാജ്യനിയമങ്ങൾ രാഷ്ട്ര നിയമങ്ങളാക്കാൻ സെക്കുലർ ജനാധിപത്യസംവിധാനം അനുവദിക്കുന്നില്ല.

സവർണ്ണ ഹൈന്ദവരെ സംബന്ധിച്ച് കന്നുകാലികളെ കൊല്ലുന്നതും അവയുടെ മാസം ഭക്ഷിക്കുന്നതും നിഷിദ്ധമാണ്. അവരെ ആ കാര്യങ്ങൾക്ക് ആർക്കും നിർബന്ധിക്കാൻ വയ്യ. എന്നാൽ മറ്റാരും മാട്ടിറച്ചി കഴിക്കാൻ പാടില്ല എന്നു നിർബന്ധം ചെലുത്താൻ അവർക്കും അവകാശമില്ല എന്ന കാര്യം മറക്കരുത്. യൂറോപ്പിലും അമേരിക്കയിലുമെല്ലാം എത്രയോ സവർണ്ണരായ ഹിന്ദുക്കൾ അവരുടെ പാരമ്പര്യമനുസരിച്ച് സമാധാനമായി കഴിയുന്നു. അവിടെ മറ്റുള്ളവർ കാലി മാംസം ഭക്ഷിച്ചു ജീവിക്കുന്നു. അവർക്കവിടെ ആ സാഹചര്യത്തിൽ കഴിയാൻ ബുദ്ധിമുട്ടില്ലെങ്കിൽ ഇവിടെയെന്തിനു പ്രശ്നം സൃഷ്ടിക്കുന്നു? കേരളത്തിലെ സ്ഥിതിയും ഇതുപോലെ തന്നെ.മാട്ടിറച്ചി വിപണന-ഭക്ഷണ വിഷയത്തിൽ ഇവടത്തെ സവർണ്ണർക്കില്ലാത്ത രോഷം എന്തിനാണ് ഉത്തരേന്ത്യയിൽ മതത്തിന്റെ പേരിൽ സൃഷ്ടിക്കുന്നത്?

ഇന്ത്യയിൽ തെരുവുനായ്ക്കളെ കൊല്ലുന്നതുപോലും നിരോധിച്ചിരിക്കുകയാണല്ലോ. നമ്മുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ മിസോറാം, മണിപ്പൂർ. നാഗലാണ്ട് എന്നിവിടങ്ങളിൽ വീട്ടിൽ വളർത്തുന്ന നായ്ക്കളെപ്പോലും കൊന്നു തിന്നുന്നു. വംശനാശം നേരിടുന്ന പക്ഷി മൃഗാദികൾ ഒഴികെയുള്ള വയെ ഭക്ഷണത്തിനുവേണ്ടി കൊല്ലുന്നത് നിയമവിരുദ്ധമല്ല. ഞാൻ ബാംഗ്ലൂരിൽ വേദശാസ്ത്രപഠനം നടത്തിയിരുന്ന കാലത്ത് കോളജ് ക്യാമ്പസിൽ താമസിച്ചിരുന്ന നാഗാലാണ്ടുകാർ വളർത്തുനായ്ക്കളെ പാട്ടിലാക്കി കൊന്നു ഭക്ഷിക്കുന്ന പതിവുണ്ടായിരുന്നു. മറ്റുള്ളവർക്ക് ഈ രീതി അപരിചിതവും അപ്രിയവുമായിരുന്നു. എന്നാൽ നാഗൻമാരെ സംബന്ധിച്ചിടത്തോളം അത് അവരുടെ ഭക്ഷണശീലവും തങ്ങൾക്കിഷ്ടമില്ലെന്ന് കരുതി അവരുടെ സ്വാതന്ത്ര്യത്തെ തടയുവാൻ മറ്റുള്ളവർക്കാവുമായിരുന്നില്ല. ഇത്തരം വൈവിധ്യങ്ങൾ അംഗീകരിക്കുന്നതാണ് ഇന്ത്യൻ സമീപനം.

ചില നാടുകളിൽ ഭൂരിപക്ഷമതത്തിന്റെ സ്വാധീനത്തിൽ ചില ഭക്ഷ്യവസ്തുക്കൾക്ക് തീർച്ചയായും വിലക്കുണ്ട്. പല മുസ്ലീം രാജ്യങ്ങളിലും പന്നിമാംസ വിപണനവും പരസ്യമായി ആഹരിക്കലും നിരോധിച്ചിരിക്കുകയാണ്. എന്നുവച്ച് ഇന്ത്യയിലെ സവർണ്ണ ഹിന്ദുക്കൾക്ക് ഇവിടത്തെ മുസ്ലിങ്ങളെ മാട്ടിറച്ചി ഭക്ഷിക്കുന്നതിൽ വിലക്കു കല്പിക്കാൻ ആവില്ല. കാരണം ആ നാടുകളിൽ ഇസ്ലാമിക മതനിയമം രാഷ്ട്ര നിയമമാണ്. എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനം ഹിന്ദു നിയമമല്ല. മതനിരപേക്ഷതയാണ്. അതുകൊണ്ട് ഈ നാട്ടിൽ ഏതെങ്കിലും മതത്തിന്റെ നിയമങ്ങൾ-ഭൂരിപക്ഷമതത്തിന്റേതായിരുന്നാൽപോലും-രാജ്യനിയമങ്ങളാക്കാൻ കഴിയില്ല. അതിന്റെ അടിസ്ഥാനത്തിൽ ആർക്കും-മതവിശ്വാസികൾക്കും അല്ലാത്തവർക്കും-വിവേചനം ഉണ്ടാകാനും പാടില്ല. സൗദി അറേബ്യയിൽ നിലനിന്നു വരുന്നതുപോലെയുള്ള മതാധിഷ്ഠിത ഭരണസംവിധാനമല്ല നമ്മുടെ പ്രബുദ്ധരായ രാഷ്ട്രശില്പികൾ വിഭാവനം ചെയ്തതും ഭരണഘടനക്ക് അടിസ്ഥാനവും മാതൃകയും ആക്കിയതും.

ഓരോ നാടിനും അതിന്റെ ഭൂതകാലത്തിന്റെ സ്വാധീനമുള്ള ശീലങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അറിവുകളും കീഴ്വഴക്കങ്ങളുമെല്ലാം ചേർന്ന സംസ്കാരമുണ്ട്. ജർമ്മൻകാർ കുതിരകളെ കൊന്നു ഭക്ഷിക്കാറില്ല. കാരണം, അവരുടെ പൂർവ്വികർ കുതിരകളെ ഉപയോഗിച്ച് യുദ്ധം ചെയ്തിരുന്ന പോരാളികളായിരുന്നു. ആ മൃഗത്തോടുള്ള അടുപ്പം ആ സംസ്കാരത്തെ ബാധിച്ചു. നമ്മുടെ പൂർവ്വികർ അധികംപേരും കർഷകരും ഗോപാലകരും ആയിരുന്നു. അതുകൊണ്ട് കന്നുകാലികളോട് ഒരു തരം ആരാധനാഭാവം നമ്മുടെ സംസ്കാരത്തിൽ സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആ സാംസ്കാരിക പാരമ്പര്യങ്ങൾ ആദരിക്കുന്നവർക്കേ അവ ബാധകമാകൂ. മറ്റുള്ളവരുടെ മേൽ അവ അടിച്ചേല്പ്പിക്കാനാവില്ല. അടുത്ത കാലത്തെ ശാസ്ത്രീയ പഠനങ്ങൾ വെളിപ്പെടുത്തുന്നത്. പൗരാണിക ഭാരതത്തിൽ ഹിന്ദുക്കൾക്കിടയിൽ ഗോവധവും ഗോമാംസ ഉപഭോഗവും ഉണ്ടായിരുന്നു എന്നാണ്. ഈ ചരിത്രപരമായ വസ്തുത തിരിച്ചറിവിലേക്കും ശരിയായ നിലപാടിലേക്കും നമ്മെ എത്തിക്കാൻ സാഹയകമാകേണ്ടതാണ്. എന്നിരുന്നാലും ഇന്ന് ധാരാളംപേർ മതശാസന പ്രകാരം മാട്ടിറച്ചി ഭക്ഷിക്കാത്ത സാഹചര്യത്തിൽ ആ ശീലം മറ്റുള്ളവർ ആദരിക്കണം. എന്നാൽ സാംസ്കാരിക പാരമ്പര്യത്തിന്റെ പേരിൽ അത് നിയമമാക്കി മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാൻ പാടില്ല. കാരണം വ്യത്യസ്ത ഭക്ഷണ പാരമ്പര്യമുള്ളവരുടെ മേൽ ഒരു വിഭാഗത്തിന്റെ ഭക്ഷണരീതി എങ്ങനെ നിർബന്ധിതമാക്കുവാനാ

വും? ഇത് അടിച്ചേൽപ്പിച്ചാൽ മതാടിസ്ഥാനത്തിലുള്ള ധ്രുവീകരണവും സാമുദായിക സംഘർഷവുമായിരിക്കും ഫലം. ഇക്കാര്യത്തിൽ ഇട പെടാത്തവർ പോലും സമുദായ-മതബന്ധങ്ങൾ കൊണ്ട് ഭിന്ന ചേരിയിലായിത്തീരും. 'മാട്ടിറച്ചി തീറ്റ അവസാനിപ്പിച്ചാൽ മുസ്ലീംങ്ങൾക്ക് ഇന്ത്യയിൽ കഴിയാം' എന്ന രാജസ്ഥാൻ മുഖ്യമന്ത്രിയുടെ പ്രസ്താവന ധിക്കാരവും, ധാർഷ്ട്യവും വിവരക്കേടും നിരുത്തരവാദിത്തപരവും എന്നതിനുപരി സമൂഹത്തെ വർഗ്ഗീയവല്ക്കരിക്കുന്നതിന് പ്രേരകവുമാണ്. അതാണ് ഈ പ്രശ്ന സൃഷ്ടിയുടെ യഥാർത്ഥ ലക്ഷ്യമെന്നത് വേറൊരു കാര്യം. മതത്തിന്റെ പേരിൽ വേർതിരിവും സംഘർഷവും ഉണ്ടാക്കി രാഷ്ട്രീയ നേട്ടം കൊയ്യുന്നതിനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. ഇതു തിരിച്ചറിയാൻ ജനത്തിനുകഴിയണം. ഈ നാട്ടിൽ ജനിച്ചു വളർന്ന ഏതു മതവിശ്വാസിക്കും മതമില്ലാത്തവർക്കും ഇതു സ്വന്തം നാടാണ്. ഇവിടെ എല്ലാവരുമൊത്ത് സ്വൈര്യമായി ജീവിക്കുക അവരുടെ അവകാശമാണ്.അതിന് മറ്റാരുടെയും ഔദാര്യം ആവശ്യമില്ല. കൃത്യമായി അന്വേഷിച്ചാൽ പശുവിനോടുള്ള സ്നേഹമോ, ആരാധനാഭാവമൊ അല്ല മതവിശ്വാസം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള രാഷ്ട്രീയ നീക്കത്തിന്റെ പിന്നിലുള്ളതെന്നുകാണാം. മതത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തെ ഭിന്നിപ്പിച്ചും തമ്മിലടിപ്പിച്ചും വർഗ്ഗീയവല്ക്കരിച്ചും രാഷ്ട്രീയ നേട്ടമുണ്ടാക്കുന്നതിനുള്ള കുത്സിത-ആസൂത്രിത നീക്കമാണിത്. ഈ വസ്തുത തിരിച്ചറിഞ്ഞ് അതിനെ ചെറുക്കാൻ മുന്നിട്ടിറങ്ങേണ്ടത് ഇവിടത്തെ മതന്യൂനപക്ഷങ്ങളല്ല: പ്രത്യുത, മതനിരപേക്ഷ-ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സവർണ്ണ ഹിന്ദുക്കളുമാണ്. മറ്റുമതങ്ങൾ മുന്നിട്ടിറങ്ങിയാൽ വളരുന്നത് വർഗ്ഗീയതതന്നെ ആയിരിക്കും.

പശുഭക്തിയിൽ വിദഗ്ദ്ധമായി വിഷം കലർത്തിയുള്ള ഈ ആസൂത്രിത നീക്കത്തിന് തടയിടുന്നത് അതീവ ജാഗ്രതയോടും കരുതലോടും കൂടിയായിരിക്കണം. 'മാട്ടിറച്ചി സദ്യ' നടത്തിയും അസഭ്യവർഷം ചൊരിഞ്ഞും ഏറ്റുമുട്ടലുകൾ സൃഷ്ടിച്ചുമായിരിക്കരുത്. മതബഹുല ഭാരതത്തിൽ സെക്കുലറിസം നിലനിൽക്കേണ്ടതും പുലരേണ്ടതും രാജ്യത്തിന്റെ നിലനില്പിനും അഖണ്ഡതയ്ക്കും അനിവാര്യമെന്ന വസ്തുത ജനത്തെ ബോധ്യപ്പെടുത്തിക്കൊണ്ടായിരിക്കണം അതിനുള്ള ശ്രമം. ന്യൂനപക്ഷങ്ങളുടെ ദേശസ്നേഹവും പൗരത്വ-അവകാശങ്ങളും ചോദ്യം ചെയ്യപ്പെടുമ്പോൾ പോലും അവർ വർഗ്ഗീയ വാദികളെ അതേരീതിയിൽ നേരിടുന്നതിന് ശ്രമിക്കരുത്. തികഞ്ഞ സഹിഷ്ണുത അവർ പുലർത്തേണ്ടതുണ്ട്. അല്ലാത്തപക്ഷം അത് വർഗ്ഗീയകലാപങ്ങൽക്ക് വഴിമരുന്നിടുകയായിരിക്കും ഫലത്തിൽ. നേരെ മറിച്ച്, ഇവിടത്തെ ഭൂരിപക്ഷമതത്തിൽ നിന്നും മതനിരപേക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നിന്നും സാംസ്കാരിക രംഗത്തെ പ്രമുഖരിൽ നിന്നും, എഴുത്തുകാരിൽ നിന്നും കലാലോകത്തുനിന്നുമെല്ലാം ഒറ്റക്കെട്ടായ ചെറുത്തുനില്പും പ്രതിഷേധവുമുയരുമ്പോൾ ഇത്തരം നീക്കങ്ങൾക്ക് പരിഹാരമുണ്ടാകാൻ സാധ്യത വർദ്ധിക്കുന്നു.

തീർച്ചയായും മനുഷ്യൻ മാംസ ഭക്ഷണം തന്നെ ഒഴിവാക്കുന്നതാണ് വിവേകം. ആധുനിക ശാസ്ത്രവും അനുഭവങ്ങളും അതുതന്നെ പറയുന്നു. എന്നാൽ അതു വ്യക്തികൾ തന്നെ തീരുമാനിക്കണം. ഭക്ഷണ കാര്യത്തിൽ വ്യക്തിയുടെ തെരെഞ്ഞെടുപ്പി (choice)ന് പ്രാധാന്യം കൊടുക്കണം. ഈ വിഷയത്തിൽ ശാസ്ത്രീയ അവബോധം വളർത്താൻ ആരോഗ്യരംഗത്തു പ്രവർത്തിക്കുന്നവരുടെ സേവനം സഹായകമാണ്. മതശാസനങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷണശീലം അടിച്ചേൽപ്പിക്കുന്നതിനുള്ള പദ്ധതി വിവേകപൂർവ്വം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. കാരണം അത്തരം ശ്രമങ്ങൾ ആത്യന്തികമായി ഭാരതത്തിന്റെ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യം, ഐക്യം, വികസനം, സമാധാനാന്തരീക്ഷം എന്നിവയ്ക്കും ദോഷകരമായി ബാധിക്കാവുന്നതാണ്. ഈ വിഷയത്തിൽ മത-രാഷ്ട്രീയ നേതൃത്വങ്ങൾ വേണ്ടത്ര വിവേകവും പക്വതയും പ്രകടമാക്കേണ്ടതുണ്ട്.

സസ്നേഹം

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത


## ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ

വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.

സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid) *പ്രവേശനം നൽകുന്നു*

Articles

# " THE BRIDGE BETWEEN FAITH AND BIOLOGICAL HEALING"

**(contd.)**

**Dr. Sojan Ipe MS**

Dr. Larry Dossey, was a medical doctor. He had medically proven Leukemia. He got himself cured of the disease. According to him it was due to the power of faith. 'Healing Words' he gives an account of several such clinically attested cases, healing which can only be attributed to the power of faith. Can you believe this? Well difficult isn't it?

He sites an example of one patient at Dallas Diagnostic centre. with complaints of losing weight over 50 kg in 6 months. The doctors could not diagnose the problem including the psychiatrists. The patient was dying. He kept on saying that he has been 'hexed'- a term which nobody in modern medicine believed in. But one physician Dr. Jim decided to 'de-hex' the patient. Not that the doctor believed in magic or any such rituals. He took the patient to a dark room. Lighted a methenamine tablet in an ashtray. It is supposed to bring on a bright blue flame. Just to impress the patient. He carefully cut one bit of the patient's own hair and burnt it while the patient was watching. And he declared that he managed to 'de-hex' him. The patient, according this book, recovered and was well after that. In spite of the doctor's faith in his own magic spell, it worked. The patient was healed of his disease or that condition which was unknown to the science. The healing occurs in many ways which we do not understand. Keeping a slot open by saying that it was due to Factor 'X' is not scientific. Hence I would like to look at it this way, that our science is incomplete to understand such healing techniques, as of today.

But can we not think, as Dr. Larry Dossey suggests, that the healing process was triggered by the patients 'faith' in the doctor. Faith only means 'complete confidence without any doubt in his mind', it need not necessarily mean "a strong religious belief". Here, that faith in his doctor's statement triggered an 'intention' for healing. That was an action of his mind. 'Intention' is a thought process which can be translated in to biochemistry in your body, just like 'fright' producing adrenaline. This intention of his mind triggered that "built-in intelligence" which in turn fired the appropriate biochemical chain reaction within his body; which was a natural way of healing. Or whatever brought on that illness was a break in than bio-chemical chain, which got 'de-hexed' by that invisible "placebo effect".

We all know what a placebo effect is. By giving a placebo or a 'dummy pill' will heal the patient of his symptoms. In case of pain, more than 30% of patients will experience the same pain relief as if a real pain killer has been administered in a clinical trial! I am actually interested in this 30%. I am not interested in the other 70%. Why, what happened to this 30%. How did they get relief?

You know why I am interested in this 30%. Because the same "dummy pill" which was effective in relieving pain, is effective in treating gastric acidity in another clinical trial, it can lower the blood pressure, it settles vertigo, it can induce sleep; so this is a multi functional 'wonder' drug without any side effects. Why, why and how are these inert placebo becoming effective in some patients? That is my interest.

Since the same 'inert pill' can lead to such totally different responses, we must conclude that the body is capable of producing varied biochemical response, once the mind has been given the appropriate suggestion. You may call it some form of psychological effect. I would say that it is a biochemical or 'biological response' triggered by your mind; where the pill itself becomes meaningless.

We know that, there is no relief from pain without endorphins that fit into the pain receptors to block those signals. Very obviously the pain receptors or Nociceptors as it is known to us, got activated with the suggestion of your mind. What difference does it make, whether this process was triggered by the 'pain killer drug' or due to the 'intention of the mind'.

The power that activates the placebo effect is the power of suggestion alone. This suggestion is then converted into body's 'intension' to cure itself. Therefore; think whether it is possible to eliminate the 'role' played by this placebo.

'Intension' is certainly an active partner of a suggestion. It is the way we convert an automatic

process which I have named as the "built-in intelligence of your body" into a conscious one. In other words is it possible for you to trigger this automatic process consciously. If a placebo is a 'suggestion' to trigger a chain of chemical signaling within your body, can we not do it consciously? May be difficult but it should be possible. You or I may not be able to do it but it must be possible.

Dr. Kuruvilla Mathew was the Head of our Psychiatry Department. He is an advocate of charismatic movements and a believer in prayer healing. He is also my neighbor. His wife was having vocal cord nodules with obvious hoarseness and was taking voice rest. During one such prayer sessions she was healed. I have to believe it because our ENT surgeons have recorded it in her chart within 2-3 days of this incidence. To the collective knowledge of our science, it is not possible. But it happened.

I have seen my own niece's multiple warts falling of her hands after attending a retreat at Kothamangalam Cheriya Palli. Small things to you, isn't it. But then you ask her, how many doctors had tried curing these nasty warts from her fingers, our own plastic surgeons and dermatologist have tried more than once. These warts, at the end of the prayer meeting, just fell off. May be these are small things.

But another incidence made me think very seriously. On another occasion Dr. Kuruvilla told me about a patient with a non healing ulcer on his legs. The wound was around 10cms in length with swelling and signs of inflammation; with history of two failed grafts in 6 months. He saw this ulcer on the leg of that man healing in a matter of 1 to 2 hours. He said nobody will believe it. Yes, why should modern scientist believe it?

Due to that 'hypnosis of social conditioning', many of us are stuck within the same old story, and the first thing which comes to your mind is 'No, that is not possible'. But I said I would try and believe it.

I thought, that means there is a faster healing mechanism built into our body. Another Factor 'X' yet unknown to today's science. How can prayer healing be possible otherwise? I used to think that all those prayer healings were psychological healing of some so called psychological problems. Here somebody is telling me that a wound healed in an hour's time, a structural healing is possible. This to our science should have taken at least a month or more to heal.

You think a little lateral; hey it has happened, so it is possible that there is a totally different healing system available in your body. A system which can be activated by 'intention of your mind' during the prayer leading to a state of 'intense and deep faith' that can trigger the sequence of 'built-in' intelligence. There are any number of such examples.

The healer is within you. Our bones don't just store calcium the way chalk does- they circulate it. Fresh atoms of calcium constantly enter our bones and leave them again to become part of blood as per the demand. Let us take an example of a fracture of your hand. When both ends of the fractured bone unites, you talk of healing of the fracture. Who healed it? Your Orthopaedician? Certainly not. All what he can do is to keep both ends of the fractured bones together. If healing has to occur, your body has to react to the situation. How?.... You think.

Some cells and systems in your body have to mobilize calcium from elsewhere in the body and dump it at the fractured site. These cells already know when to start mobilizing, where to mobilize it from and where exactly to dump it. They also know when to stop. You can imagine what will happen to the size of the callus, if there is no such pre-programmed 'stop' signal. There is some systematic arrangement within your body, which knows when the union is solid enough.

Can you imagine you are born with such built in systems of healing, which will trigger only when it is necessary. Means if the first ever fracture occurred at the age of 90 the systems memory is so good to start the healing process then. The system will function perfectly well even if you are unconscious. There is no such drug known in this world which controls – start healing and stop healing. This is your body's intelligence I was talking about, the intelligence which is built into each cell. This intelligence automatically becomes active and senses the need of healing exactly when and where it is required. And the very same intelligence deactivates the process when the healing is complete.

A few years ago one young female patient came to me with headache and vomiting. Investigations including CT revealed a very large Craniopharyngioma with solid and cystic components. This tumor was expanding into the middle of the brain causing significant intracranial pressure. I obviously told the relatives that a surgery is mandatory

otherwise she will not survive. But they got discharged and I thought she was taken to some other hospital.

Five years later during one of our Cochin Neuro Club meeting Dr.Moni from Indo American hospital presented a case of Craniopharyngioma. It was the same lady. First he showed the scans taken at Kolenchery, the one which I have described now. Then he showed a CT scan taken 6 months after the first scan. And there was no tumor in it, except a thin bit above the sella. Natural question by everyone was, what happened? Dr. Moni told us that this patient went to 'Potta' for prayer healing and some visionary kept his hand over her head and prayed.

They went home in three days because she was free of all symptoms. At the end of 6 months the relatives got jittery, because I told them that she will not survive more than 6 months without surgery. Must be true, I would have told them that standard statement. So they went of their own, to take a CT scan, which was the second picture. This tumor grew again which is a different matter altogether.

I was shocked. Where did all the solid tumor go? What happened to those large cysts with all that dirty fluid in it? What happened? How is such a structural change possible?

Think tangentially again. There is a different built in healing mechanism within your body to cure Craniopharyngioma. I searched in the internet and found there are two cases reported, one from UK, one from Japan, but they thought it was due to rupture of the cyst. Any number of ruptures have been reported but with obvious severe chemical meningitis. This lady had very large cysts and I do not think that she could have gone home with a burst cyst in three days. Therefore; spontaneous resolution is possible in Craniopharyngioma. And so there is certainly an alternative possibility of treating Craniopharyngioma other than by surgery.

There is a ray of hope. We already have a flickering dot of brightness in the dark. The scientists already have seen the tip of an ice burg which may lead to such a possibility. They have already started thinking in terms of 'biological therapy'.

In biological therapy the scientists are using substances that occur naturally within the body. It works with your immune system, hence also called immunotherapy. Cytokines are a group of proteins and peptides that are used in organisms as signaling compounds. These chemical signals are similar to hormones and neurotransmitters and are used to allow one cell to communicate with another. Interferon and interleukins are immune system chemicals. They are cytokines that occur naturally in the body. All these signaling agents can boost the immune system's anti-tumour and anti inflammatory functions.

During the 70's Dr. William Coley noticed that certain bacterial infections can cause regression of tumors in experimental animals. The Coley's Toxins later lead to the discovery of Tumour Necrosis Factor (TNF). These powerful antigens caused, dramatic, overnight "necrosis" or death of tumors in experimental animals according to Coley. Scientists thus called this Tumor Necrosis Factor- or (TNF) in short. The words 'dramatic, overnight, necrosis' need attention. In other words, very fast natural regression of tumors, are possible in animals. You know only very little about the TNF as of today. So far, only nine members of the TNF ligand superfamily have been identified and another ten members of the TNF-receptor superfamily. I am sure there are many many more in that family and there are several other families in their neighborhood. I am also sure that the scientists are going to come out with a method to 'dissolve' the tumor in humans also.

As my argument goes tangential, such systems can also be triggered by the intention of mind. It is because all these healing possibilities or systems are already built in to your body. A suggestion in the form of a 'drug' or a 'placebo' or 'faith triggered intention' should be able to initiate the process. Otherwise why should God create tumor necrosis factors and their receptors in your body? They are not dummy receptors.

A Craniopharyngioma can disappear without any surgery if that specific TNF or the cytokine signal can be identified and boosted. One could call this "Biological Healing" just as "Holistic Healing". The only thing which I do not know is whether God will allow human to discover the sequence of events initiated by 'deep faith'

Biological therapy is a natural way of healing because it causes apoptosis of the cell. TNF causes apoptotic cell death. It is a programmed natural way of cell death which is taken care of by the macrophages. Only specific targeted cells will be destroyed. As against the chemotherapeutic agents, which attacks the cells directly and it is not

specific to the targeted cells. It is cytotoxic to many normal cells. Hence it can damage other cells and can cause serious damage to the immune system which is supposed to protect you.

Some drugs are already available for biological treatment like interleukin-2, Interferon-alpha, etc. Some have shown good results in pancreatic cancer when given in combination with chemotherapy.

TNF is equally important in inflammation. TNF's primary role is regulation of immune cells. It is mainly produced by macrophages and by many other cells including the fibroblasts, mast cells, endothelial cells and the neuronal cells.

TNF is found in high concentrations in inflamed areas. A locally increasing concentration of TNF will cause the cardinal signs of Inflammation to occur: Heat, swelling, redness and pain and can cause shock like symptoms. Is it now giving you an option for another tangential thought? A specific Anti- TNF factor can certainly make all the cardinal signs of inflammation disappear in no time, like what happened to the non- healing ulcer, healing in a matter of 1-2 hours as described by Dr. Kuruvilla. That is my suggestion.

Any anti inflammatory drug in the market today does not activate TNF specific receptors. All anti inflammatory drugs (NSAID) target COX- which inhibits an enzyme Cyclo-oxygenase responsible for inflammation and pain, in varied manners. This is a slow and incomplete process. Therefore it is possible that a totally different class of drugs will emerge which can settle inflammation in no time like "placebo's" relieving pain in a matter of minutes. If God be willing….

TNF promotes inflammatory response in chronic inflammatory diseases like rheumatoid arthritis, ankylosing spondylitis, psoriasis and refractory asthma. These disorders can now be treated with monoclonal antibody such as Inflimax and some others. These are now FDA approved for human use for 'biological therapy'. As I have told you earlier I have seen refractory asthma and psoriasis improving with Chinese acupuncture. So, there are several ways of boosting the immune system to compact illness. Those systems also boost the built –in biological systems of healing. It need not necessarily be due to western system of medicine alone.

You have your immune system, which gives you protection unconditionally, throughout your life. Alternative sciences feel that you can boost your immune system by charging the life within you by different methods, like yoga and meditation, which is the heart of alternative systems. A biological therapy leading to a biological healing is the only natural way of 'holistic healing' of your 'body and mind' together. Faith healing falls into this group perfectly well, causing only natural responses without any possible side effects.

I do not see the possibility of emergence of a single science as "holistic" or "biological". All the systems of healing will stand independent. But you must give due respect to all other healing concepts. Must give due respect to the power of your body to heal naturally. Multiple drugs as you know can interact and interfere with your own healing systems, especially that of the immune system. Faith and prayer healing is real and that is the most natural way of healing since body uses its own built-in mechanisms for healing.

My speech today is influenced by the very profound words of Jesus Christ.

**Luke 8:40-53 :-**We know the story of the woman who suffered from severe bleeding for more than twelve years. She had spent all what she had on doctors. She came up in the crowed and touched the cloak of Jesus from behind and her bleeding stopped at once. Jesus knew that his energy was drained when she touched with strong faith in her mind though so many people were touching him from all around. Jesus told her that "your faith has made you well, go in peace"


**Matthew 9:27-29** The two blind men asked Jesus to have mercy on them. Jesus asked "Do you believe that I am able heal you". Yes Lord, they answered. Jesus touched their eyes and said, "According to your faith it will be done to you". And their sight was restored.

The Word of God says that Jesus has given all of us a measure of faith. God's word teaches us what faith is and how we must learn to use our faith. As I have mentioned earlier Faith need not necessarily mean a strong religious belief. Faith is stronger than reasons. It is a state of complete confidence without any doubt in your mind. I am a Christian and I believe in Him. That is my faith.

For us the so called modern scientist, seeing is believing. But remember if you have not seen things happening, that does not mean that miracles are happening elsewhere in this world.

Thank you.

*അഭിമുഖം*



# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**അധികാര നിർവ്വഹണം സംബന്ധിച്ച് സഭയിൽ തർക്കങ്ങൾ ഉണ്ടാകാറുണ്ടല്ലോ. സഭയുടെ കാഴ്ചപ്പാടിൽ അധികാരം എങ്ങനെ നിർവ്വചിക്കും?**

സഭ അടിസ്ഥാനപരമായി ഒരു അധികാര ഘടനയല്ല. അധികാര സങ്കല്പം സഭാജീവിതത്തിന് അന്യമാണ്. സഭാജീവിതം അർത്ഥവത്തായി നയിക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് സഭയ്ക്കുള്ളത്. അവയ്ക്കുള്ളിൽ നിന്നുകൊണ്ട് സഭാസ്ഥാനികളും സമിതികളും നിർവ്വഹിക്കുന്നത് സഭാശുശ്രൂഷയാണ്. സഭയ്ക്ക് അധികാരികൾ ഇല്ല. ഓരോ സ്ഥാനിയും നിർദ്ദിഷ്ട ശുശ്രൂഷ നിർവ്വഹിക്കുന്നു. എന്നാൽ പരിധികൾ ലംഘിച്ച് സ്ഥാനങ്ങളിലിരിക്കുന്നവർ അധികാര പ്രയോഗത്തിന് ശ്രമിക്കുമ്പോൾ ശുശ്രൂഷാസ്ഥാനങ്ങൾ അധികാരകേന്ദ്രങ്ങൾ ആയി മാറുന്നു.

**ഈ വിഷയത്തിൽ അല്പംകൂടി വിശദീകരണം ആവശ്യമുള്ളതായി തോന്നുന്നു**

സഭ അടിസ്ഥാനപരമായി ഒരു വികേന്ദ്രീകൃത ശുശ്രൂഷാസംവിധാനമാണ്. പൗരസ്ത്യസഭാചിന്തയിൽ ആരാധനയ്ക്കായി കൂടിവരുന്ന ഓരോ വിശ്വാസക്കൂട്ടായ്മയിലും സഭയുടെ പൂർണ്ണതയുണ്ട്. അതുകൊണ്ട് സഭ എന്നത് ലോകവ്യാപകമോ, രാജ്യവ്യാപകമോ ആയ ഒരു അധികാര സംഘടനയല്ല. ആരാധനയ്ക്കായി സൗകര്യപ്രദമായ ഇടങ്ങളിൽ ഒത്തുചേരുന്ന ആരാധനാസമൂഹമാണ്. അവിടെ അധികാര പ്രയോഗത്തിന് ആവശ്യമോ, പ്രസക്തിയോ ഇല്ല. പള്ളിരജിസ്റ്ററിൽ പേർ ചേർക്കപ്പെട്ടവരുടെ ലിസ്റ്റ് സഭ സൃഷ്ടിക്കുന്നില്ല. വിശുദ്ധ കുർബ്ബാനയുടെ അനുഷ്ഠാനത്തിനും വേദവായനയ്ക്കും വചനശുശ്രൂഷയ്ക്കും ക്രിസ്തീയ ദൗത്യജീവിത ദർശനലബ്ധിക്കുമായുള്ള ഒരുക്കത്തിൽ സംബന്ധിക്കുന്നതിനായി ചേരുന്ന വിശ്വാസികളാണ് സഭ എന്നത്. അവർക്കിടയിൽ ആധിപത്യ-വിധേയത്വ, ഭരണ-ഭരണീയ ബന്ധത്തിന് സ്ഥാനമില്ല. സഭയുടെ പ്രവർത്തനം മൗലീകമായി പരസ്പര സഹകരണത്തിലും പരസ്പരാശ്രയത്വത്തിലും നടക്കുന്നു. ഓരോരുവനും ലഭിച്ച-ലഭിക്കുന്ന-വരദാനങ്ങളുടെ ശരിയായ വിനിയോഗം മാത്രം. അങ്ങനെ പ്രവർത്തിക്കുന്ന ഒരു ജീവഘടന (organism) യാണ് സഭ.

**ഈ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയസഭ, ആഗോളസഭ എന്നൊക്കെപ്പറയുന്നതിന്റെ അർത്ഥമെന്താണ്?**

പ്രധാനമായും സഭയുടെ നിലവിലിരിക്കുന്ന സംവിധാനത്തിന് സാധുത ഉറപ്പിക്കാനായി ഉയർത്തുന്ന അവകാശവാദങ്ങളാണ് ഈ സംജ്ഞകൾ. ഒരേ ആരാധനാ-വിശ്വാസക്കൂട്ടായ്മകൾ രാജ്യവ്യാപകമായപ്പോൾ സഭ ദേശീയമെന്ന് പറയാൻ തുടങ്ങി. സഭാംഗങ്ങൾ മറുനാടുകളിലെത്തി അവിടുത്തെ പൗരത്വം സ്വീകരിച്ച് സ്വന്തമാതൃകയിലുള്ള ആരാധനാക്കൂട്ടങ്ങൾ രൂപം കൊണ്ടപ്പോൾ സഭ ആഗോളമായി. ഇവ രണ്ടും സഭയുടെ വളർച്ചാഘട്ടങ്ങൾ സൂചിപ്പിക്കുന്ന പേരുകളാണ്. 'രാജ്യവ്യാപകമായും ലോകവ്യാപകമായും സമാന ആരാധനാ സമൂഹങ്ങളുള്ള' എന്നുമാത്രം യഥാക്രമം 'ദേശീയസഭ,' 'ആഗോളസഭ' എന്നീ സംജ്ഞകൾക്ക് അർത്ഥം കല്പിച്ചാൽ മതി. എന്നാൽ 'local church' ഇവയുടെ ഭാഗം (part/division) അല്ല. ഓർത്തഡോക്സ് ചിന്തയിൽ സഭ ലോക്കലാണ്. ഈ വേദശാസ്ത്ര കാഴ്ചപ്പാട് അംഗീകരിക്കുന്ന സാഹചര്യത്തിൽ സഭയുടെ self image മാറിവരും. പിന്നീട് സഭ ഒരു അധികാരഘടനയെന്ന ചിന്ത അവശേഷിക്കുകയില്ല.

**സഭ അടിസ്ഥാനപരമായി 'local' ആണെങ്കിൽ സഭാധികാരികൾക്ക് നിലവിലുള്ള സംവിധാനത്തിലെ 'role' എന്താണ്?**

കൃത്യമായിപ്പറഞ്ഞാൽ സഭയിൽ അധികാരികൾ ഇല്ല. വിവിധ ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ശുശ്രൂഷകരേ ഉള്ളൂ. ഏകാധിപത്യപ്രവണതയും അധികാരപ്രയോഗവും സഭ ആശയപരമായി അംഗീകരിക്കുന്നില്ല. സഭാനേതാക്കന്മാരുടെ അടിസ്ഥാന സാഹോദര്യം അംഗീകരിക്കുന്നതോടെ സഭയ്ക്കുള്ളിലെ ആധിപത്യ-വിധേയത്വ ബന്ധങ്ങളുടെ മടയത്തരം വ്യക്തമാകും. ലോകത്തെ ശുശ്രൂഷിക്കുവാനും ക്രിസ്തു സാന്നിധ്യമാകുവാനും വിളിക്കപ്പെട്ടതാണ് സഭയെങ്കിൽ അതിനെങ്ങനെ ഒരു അധികാര ഘടനയാകാൻ കഴിയും? ഓരോരുവനും ക്രിസ്തുവിന്റെ പങ്കാണ് നിർവ്വഹിക്കുന്നതെങ്കിൽ ആ സമൂഹത്തിലെങ്ങനെ ഭരണകർത്താക്കളും ഭരണീയരും ഉണ്ടാകും? എങ്ങനെ ഉച്ചനീചത്വങ്ങൾ സംഭവിക്കും? അടിസ്ഥാനപരമായി സഭ ഒരു സംഭ്രാതൃത്വ കൂട്ടായ്മ (fraternal fellowship) യാണ്.

**ഇപ്രകാരമുള്ള സഭാസംവിധാനത്തിൽ സഭയുടെ അച്ചടക്കം (discipline) എങ്ങനെ പാലിക്കപ്പെടും?**

ചുമതലകൾ (ശുശ്രൂഷകൾ) തിരിച്ചറിയുന്നവർക്കിടയിൽ അച്ച

ടക്ക പ്രശ്നമുണ്ടാവുകയില്ല. അച്ചടക്കം ബാഹ്യത്തിലുമുപരി ആന്തരീകമാണ്. ഭീഷണിക്കോ പ്രലോഭനത്തിനോ കീഴിൽ ഒതുങ്ങിക്കഴിയുന്ന സമൂഹം അച്ചടക്കമുള്ളതെന്ന് വിശേഷിപ്പിച്ചുകൂടാ. അപ്രകാരമുള്ളതായിരിക്കരുത് സഭയുടെ അച്ചടക്കം. ഓരോരുവനും അവന്റെ ദൗത്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതാണ് സഭയുടെ അച്ചടക്കം അതിന് അധികാര പ്രയോഗമല്ല അറിവ് പകരലാണ് ആവശ്യം.

സഭ അടിസ്ഥാനപരമായി കുർബ്ബാനയ്ക്കായി കൂടിവരുന്ന സമൂഹമാണ്. എന്നാൽ ഇത്തരം സമൂഹങ്ങൾ കൂട്ടമായി നിലനിൽക്കുന്ന സാഹചര്യത്തിൽ ഇവ സഭകളുടെ കൂട്ടായ്മയായി മാറുന്നു. ഈ കൂട്ടായ്മ ഫലപ്രദമായി നിലനിർത്തുവാനും പ്രവർത്തിക്കാനുമുള്ള ക്രമീകരണമാണ് സഭാഘടന. അവിടെ സ്ഥാനികൾക്കും സമിതികൾക്കുമുള്ള ചുമതല എന്നത് ദൗത്യനിർവ്വഹണ സംവിധാനത്തിലെ ശുശ്രൂഷാ ഉത്തരവാദിത്തം മാത്രമാണ്. അവർ ആ പരിധിക്കുള്ളിൽ നിന്ന് പ്രവർത്തിക്കുന്നതാണ് അച്ചടക്കം. അതുകൊണ്ട് സഭയിലെ എല്ലാ സ്ഥാനികളും സമിതികളും അച്ചടക്കത്തിന് വിധേയരാണ്. സഭാസംവിധാനത്തിനുള്ളിൽ ഓരോരുത്തരടേയും പങ്കും പരിധിയും കണ്ടെത്തി പ്രവർത്തിക്കുന്നതാണ് സഭയുടെ അച്ചടക്കം.

**സഭ അടിസ്ഥാനപരമായി 'ലോക്കൽ' ആണെന്നു പറഞ്ഞല്ലോ. അതിന്റെ വേദശാസ്ത അടിസ്ഥാനം എന്താണ്?**

വി. പൗലോസ് ക്രിസ്തുശരീരം എന്നു പറഞ്ഞത് പ്രാദേശിക ആരാധനാ കൂട്ടായ്മ (Eucharestic community) യെ ആണ്. അവിടെ ആഘോഷിക്കപ്പെടുന്നത് ക്രിസ്തുശരീരത്തിന്റെ പൂർണ്ണതയാണ്. കർത്തൃശരീരത്തിന്റെ ഭാഗമല്ല. അത് ക്രിസ്തു ശരീരത്തിന്റെ പൂർണ്ണതയാണെങ്കിൽ അതിൽ പങ്കുചേരുന്ന വിശ്വാസസമൂഹവും പൂർണ്ണമായ ക്രിസ്തുശരീരമാണ്. അതിന്റെ അംശമല്ല. ഒരു local Eucharestic community വേദ-സഭാശാസ്ത്ര അടിസ്ഥാനത്തിൽ അതിൽത്തന്നെ പൂർണ്ണമാണ്. സഭയെ സഭയാക്കുന്നത് അതിലുള്ള ക്രിസ്തുസാന്നിധ്യവും ദൗത്യനിർവ്വഹണവുമാണ്. അധികാര ഘടനയല്ല. അതുകൊണ്ടാണ് വി. ഇഗ്നാത്തിയോസ് പറയുന്നത് 'എവിടെ ക്രിസ്തുവുണ്ടോ അതാണ് കാതോലികസഭ' എന്ന്. ക്രിസ്തുസാന്നിധ്യമാണ് കാതോലികസഭയുടെ മാനദണ്ഡം.

**അങ്ങനെയെങ്കിൽ സഭാഘടന (hierarchy) യുടെ പ്രസക്തി എന്താണ്?**

സഭയുടെ ശ്രേണീഘടന-hierarchy-സഭയ്ക്കൊരു അനിവാര്യതയല്ല. നേരെ മറിച്ച് ആരാധാസമൂഹങ്ങൾ തമ്മിലുള്ള അവയുടെ ബന്ധ-ദൗത്യ-ശുശ്രൂഷകൾക്കു വേണ്ടിയുള്ള ക്രമീകരണം മാത്രമാണ്. അതായത് ആരാധാ സമൂഹങ്ങളുടെ കൂട്ടായ്മയെ അർത്ഥവത്തും സുഗമവുമാക്കുന്നതിനുള്ള ഒരു ക്രമീകരണം മാത്രമായി hierarchy യെ കാണണം.

**ഇവിടെ സഭാനേതൃത്വം മനസ്സിലാക്കേണ്ട കാര്യം എന്താണ്?**

സഭയുടെ നേതൃത്വസ്ഥാനങ്ങളിലുള്ളവർ പ്രാഥമികമായി മനസ്സിലാക്കേണ്ടത് സഭ എന്താണ്, എന്തിനാണ് എന്നിവയാണ്. ആ തിരിച്ചറിവില്ലാതെ സഭ അധികാരകേന്ദ്രങ്ങളായി സ്വയം പരിണമിക്കുമ്പോൾ സഭാചുമതലക്കാരുടെ ശ്രമം അധികാര സംരക്ഷണമായി മാറും. ഇത് വളരെ അനാരോഗ്യകരവും അപകടകരവുമായ പ്രവണതയാണ്. ഫ്രാൻസീസ് മാർപ്പാപ്പയ്ക്കുണ്ടായ തിരിച്ചറിവ് എല്ലാ സഭാശുശ്രൂഷകർക്കും ഉണ്ടാവുകയാണ് ആവശ്യം. അധികാരവും ആധിപത്യവും സംരക്ഷിക്കുകയല്ല ദൈവജനത്തെ ശുശ്രൂഷിക്കുകയാണ് തന്റെ ദൗത്യം എന്നത് ഓരോ 'സഭാധികാരി'യും സ്ഥാനിയും മനസ്സിലാക്കിയാൽ സഭാരംഗത്ത് അത്ഭുതകരമായ മാറ്റം പ്രതീക്ഷിക്കാം. ഇവിടെ ജനിക്കുന്ന വിനീതഭാവത്തിന്റെ മാന്ത്രികശേഷിയാണ് സഭാഘടനയിലെ തകരാറുകൾക്ക് പരിഹാരം.

**സഭാഘടന അധികാരഘടനയായാൽ എന്താണ് കുഴപ്പം?**

അഴിമതി കൂടും. അധികാരപ്രയോഗം ശക്തമാകും. അതുവഴി ഉരസലും സംഘർഷവും ഏറ്റുമുട്ടലും പിളർപ്പുമുണ്ടാകും. ശുശ്രൂഷാസ്വഭാവം സഭാബന്ധങ്ങളിൽ നിന്ന് അന്യമാകും. സഭയുടെ അടിസ്ഥാന സ്വഭാവവും നിയോഗബോധവും വികലമാകും. ദൈവജനവും പൗരോഹിത്യ നേതൃത്വവും തമ്മിൽ അകന്നുപോകും.

**ഈ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ സഭയുടെ സ്വാതന്ത്ര്യം എന്നത് എന്താണ്?**

സ്വാതന്ത്ര്യം ഏതെങ്കിലും ഒരു സഭാസ്ഥാനിയുടേതല്ല. സഭയുടേതുമല്ല. അതിന് അപേക്ഷിക- സമഗ്ര സ്വഭാവമാണുള്ളത്. അതായത് സഭയുടെ ഓരോ പ്രവർത്തനതലത്തിലും സ്വതന്ത്രമായി ദൗത്യനിർവ്വഹണസ്വാതന്ത്ര്യം നിലനിർത്തുകയാണ് വേണ്ടത്. ഇടവകയ്ക്കും ഭദ്രാസനത്തിനും സഭയ്ക്കുമെല്ലാം ഈ സ്വാതന്ത്ര്യമുണ്ടാകണം. ഓരോ തലത്തിലും ശുശ്രൂഷാനിർവ്വഹണത്തിന് ആവശ്യമായ പൂർണ്ണ സ്വാതന്ത്ര്യം ലഭ്യമാകണം. എവിടെയെങ്കിലും നിർദ്ദിഷ്ട ദൗത്യനിർവ്വഹണത്തിൽ തടസ്സമോ ഭിന്നിപ്പോ ഉണ്ടായാൽ മാത്രമേ ബാഹ്യഇടപെടൽ ആവശ്യമുള്ളൂ. ഈ ഇടപെടലുകൾ സ്വേച്ഛാധിപത്യപരമോ, അധികാര-സ്ഥാപനത്തിനോ ആയിക്കൂടാ. ഐക്യസ്ഥാപനത്തിനാകണം. പാരസ്പരൃത നിലനിർത്തി മാത്രമാണ് സഭാസംവിധാനത്തിന് നിലനിൽക്കാനാവുക.

**ഇതുവരെ സംസാരിച്ച വിഷയത്തിൽ നിന്ന് വ്യത്യസ്തമായി ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. കേരളത്തിൽ നടന്ന പ്രാദേശിക സ്വയം**

ലേഖനം

# ഔദ്യോഗിക സമ്മർദ്ദങ്ങളും വിവാഹജീവിതവും

പ്രൊഫ. മേരി മാത്യു, കുഴിമറ്റം

വിവാഹം ആത്മദാനമാണ്. ഉള്ളതും ഉള്ളവും നൽകുന്നതാണ് ദാമ്പത്യം. കുടുംബജീവിതം ധന്യമാകുന്നത് പരസ്പരമുള്ള സ്നേഹവും കരുതലും കൊണ്ടാണ്. തോറ്റു തോറ്റു വിജയിക്കുന്ന സനേഹത്തിന്റെയും സഹകരണത്തിന്റെയും ഹൃദ്യവും ആകർഷകവുമായ കുടുംബജീവിതം ആധുനിക കാലഘട്ടത്തിൽ പലപ്പോഴും സമ്മർദ്ദനിർഭരമാണ്.

സമൂഹത്തിൽ ദ്രുതഗതിയിൽ മാറ്റങ്ങൾ വന്നപ്പോൾ നിലവിലുണ്ടായിരുന്ന ഘടനകളിലും അതിശീഘ്രം മാറ്റങ്ങളുണ്ടായി. നൂറ്റാണ്ടുകളായി പുരുഷാധിപത്യം നിലനിന്നിരുന്ന സമൂഹത്തിൽ വീട്ടകത്തിൽ നിന്ന് പൊതു ഇടങ്ങളിലേക്ക് സ്ത്രീകളുടെ പ്രവർത്തനരംഗം വികസിച്ചു. തൊഴിലിടങ്ങളിലെ ഭാരിച്ച ഉത്തരവാദിത്തങ്ങളും വീട്ടിനുള്ളിലെ പ്രാരാബ്ധങ്ങളും സംയോജിപ്പിച്ചു കൊണ്ടു പോകുവാൻ ദൈവാശ്രയവും കഠിനാധ്വാനവും സഹിഷ്ണുതയും അനിവാര്യമാണ്.

എന്നെ ഈ സ്ഥാനത്ത് ആക്കിയിരിക്കുന്നത് എന്തിന് (എസ്ഥേർ 4:4) എന്ന എസ്ഥേറിന്റെപോലെയുള്ള കാര്യഗൗരവമുള്ള സമീപനം സ്ത്രീകൾക്ക് അത്യാവശ്യമാണ്. ഗാർഹികാന്തരീക്ഷത്തിൽ മാതാപിതാക്കൾക്ക് മകളേയും ഭർത്താവിന് ഭാര്യയേയും മക്കൾക്ക് അമ്മയേയും ആവശ്യാനുസൃതം നൽകുവാൻ സ്ത്രീകൾക്ക് ഉത്തരവാദിത്തമുണ്ട്. ബഹുലമായ പ്രക്രിയകൾക്കിടയിൽ സമയോചിതവും സന്ദർഭോചിതവുമായ പ്രവർത്തനങ്ങളുടെ സമന്വയമാണ് സ്ത്രീജീവിത വിജയത്തിന്റെ അടിസ്ഥാനം.

ഉദ്യോഗസ്ഥരായ യുവാക്കൾക്കും യുവതികൾക്കും വിവാഹജീവിതത്തിലേക്കു പ്രവേശിക്കും മുൻപുതന്നെ കുടുംബസ്ഥരാകുവാനുള്ള മാനസിക തയ്യാറെടുപ്പും ലഭ്യമാക്കേണ്ടതാണ്. വീട്ടുകാര്യങ്ങൾ അറിയില്ല, തനിയെ യാത്രചെയ്യുവാനറിയില്ല ഇടപെടുവാൻ അറിയില്ല, ബന്ധങ്ങൾ അറിയാൻ താല്പര്യമില്ല ഇത്യാദി കാരണങ്ങൾ സ്വന്തം വ്യക്തിത്വത്തിനു തന്നെ ഹാനികരവും മറ്റുള്ളവർക്ക് അസമാധാനം സൃഷ്ടിക്കുന്നതുമാകും.

വിദ്യാഭ്യാസാനന്തരം ഉദ്യോഗസ്ഥയായി വിവാഹിതയാകുന്ന പെൺകുട്ടിക്ക് മാനസിക ബലം നൽകുവാൻ ഭർത്തൃഗൃഹത്തിലെ അംഗങ്ങൾ, വിശിഷ്യാ ഭർത്താവ് ശ്രമിക്കേണ്ടതാണ്. മത്സരാധിഷ്ഠിതമായ തൊഴിലിടങ്ങൾ, തുടർപഠനങ്ങൾ, ജോലിസംബന്ധമായ പരിശീലന പരിപാടികൾ തുടങ്ങിയവയെ യഥോചിതം സമീപിക്കുവാൻ പ്രോത്സാഹനം നൽകേണ്ടതാണ്. കുടുംബ ജീവിതത്തിന്റെ ഓരോഘട്ടത്തിലും ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് സമ്മർദ്ദങ്ങൾ അഭിമുഖീകരിക്കേണ്ടി വരും. സമചിത്തത കൈവെടിയാതെ ആത്മീയമായ പ്രബുദ്ധതയോടെ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോൾ മാത്രമേ കുടുംബജീവിതം ധന്യമാകൂ.

ഭർത്താവിൽ നിന്ന് സഹകരണവും സഹായവും അംഗീകാരവും ലഭിക്കുമ്പോൾ സമ്മർദ്ദങ്ങൾ കുറയും. വിമർശനങ്ങളും കുറ്റം പറച്ചിലുകളും സാമ്പത്തികമായ അസ്വാതന്ത്ര്യവുംവെറും ഒരു ഉപകരണമാണെന്ന ചിന്തയും സ്ത്രീയുടെ വ്യക്തിത്വത്തെ തന്നെ ബാധിക്കും. തൊഴിലിടങ്ങളിലെ ജോലിഭാരവും, ഭവനത്തിലെ വിശ്രമമില്ലാത്ത ജോലിയും കൊണ്ട് തളരുന്ന സ്ത്രീകൾക്ക് ഇഴയടുപ്പമുള്ള ഭാര്യാഭർത്തൃബന്ധം ആശ്വാസം നൽകുന്നു. ഭാര്യയുടെ സമ്മർദ്ദം ഭർത്താവും, ഭർത്താവിന്റെ വേവലാതികൾ ഭാര്യയും തിരിച്ചറിഞ്ഞ് 'ഞാനില്ലേ കൂടെ' എന്ന് പരസ്പരം ബലപ്പെടുത്തുമ്പോൾ പ്രതിസന്ധികൾ അഭിമുഖീകരിച്ച് മുന്നേറുവാൻ സാധിക്കും.

---

**ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുഫലത്തെ തിരുമേനി എങ്ങനെ വിലയിരുത്തുന്നു?**

സംസ്ഥാന ഭരണരംഗത്തെ വ്യാപകമായ അഴിമതി, വർഗ്ഗീയ പ്രീണനം, അനീതി, സത്യസന്ധരായ ഉദ്യോഗസ്ഥരെ ഒതുക്കൽ, തരം താഴ്ത്തൽ മുതലായവയെല്ലാം ജനം മനസ്സിലാക്കുന്നുണ്ട് എന്ന സൂചനയാണ് തിരഞ്ഞെടുപ്പുഫലം നൽകുന്നത്. ഐക്യജനാധിപത്യമുന്നണിയെ ജയിപ്പിക്കുന്നതാണ് ക്രിസ്ത്യാനികളുടെ രാഷ്ട്രീയ ധർമ്മമെന്ന് വിശ്വസിക്കുന്നവർ കേരളത്തിൽ ഇന്നും ധാരാളമുണ്ട് എന്നത് പരിതാപകരമാണ്. രാഷ്ട്രീയ രംഗത്തുള്ളവർ സഭാനേതൃത്വത്തിൽ വരുന്നത് സഭയുടെ താല്പര്യങ്ങൾ ക്ക് അപകടമാണ് സൃഷ്ടിക്കുന്നത്. സഭാചുമതലകളിൽ നിന്ന് അവരെ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. അവരുടെ താല്പര്യം രാഷ്ട്രീയ യജമാനന്മാർക്ക് സഭയിൽ ഇടം സൃഷ്ടിക്കുക, സഭയിൽ രാഷ്ട്രീയ പ്രാതിനിധ്യം ഉറപ്പിക്കുക, രാഷ്ട്രീയ ലക്ഷ്യം നേടുക എന്നിവയാണ്. സഭയുടെ താല്പര്യം സംരക്ഷിക്കാൻ അവരെക്കൊണ്ട് ആവില്ല. സഭയ്ക്ക് രാഷ്ട്രീയം ആവശ്യമില്ല. എന്നാൽ നീതി എവിടെ നിഷേധിക്കപ്പെടുന്നുവോ അവിടെ ഇടപെടാൻ സഭയ്ക്ക് ബാധ്യതയുണ്ട്.

ഗൃഹകാര്യങ്ങളിൽ ചിലയിടത്തെങ്കിലുമുള്ള ഭർത്താക്കൻമാരുടെ നിസ്സഹരണവും മദ്യപാനവും മയക്കുമരുന്നിനടിമപ്പെടൽ തുടങ്ങിയ ഹീനരീതികളും സ്ത്രീകളുടെ ജീവിതം കൂടുതൽ ദുഃഖാകുലമാക്കും. പരസ്പരം വിചാരവികാരങ്ങളുള്ള ജീവിതപങ്കാളികളായി ഉൾക്കൊള്ളുവാൻ സാധിക്കണമെങ്കിൽ ദമ്പതികൾ തമ്മിൽ അവിഭാജ്യമായ പാരസ്പരികത ഉണ്ടായിരിക്കണം. ഇതിന് വിവാഹമുന്നൊരുക്കവും ദമ്പതീധ്യാനവും കൂടുതൽ സഹായകരമാകും. ഏതു തിരക്കിനിടയിലും സ്ത്രീചിത്തത്തിന്റെ മസൃണത നഷ്ടപ്പെടുത്താതിരിക്കുവാനും ക്ഷമാപൂർവ്വം സഹനാധിഷ്ഠിതമായ ശുശ്രൂഷകളിൽ ഏർപ്പെടുവാനും ശ്രമിക്കേണ്ടതാണ്.

ഏതൊരു വ്യക്തിക്കും ഔദ്യോഗികരംഗത്ത് നിരവധി സമ്മർദ്ദങ്ങൾ നേരിടേണ്ടി വരാം. കൃത്യാന്തരവിലോപം വരുത്താതെ കൃത്യനിഷ്ഠയോടും സത്യസന്ധതയോടും ജോലിക്കാര്യങ്ങളിൽ ഏർപ്പെടുവാൻ ശ്രദ്ധിക്കേണ്ടതാണ്. പലതരം വ്യക്തികളുമായി ഇടപെടേണ്ടി വരുമ്പോൾ ആത്മനിയന്ത്രണത്തോടും പക്വതയോടും അതിരുകൾ അറിഞ്ഞ് സ്വയം വിശ്വസ്തരാകുവാൻ പ്രാർത്ഥനയോടെ ശ്രമിക്കുക. പ്രലോഭനങ്ങളിൽ അടിമപ്പെടാതെ മൂല്യബോധത്തോടെ വർത്തിക്കുക. സഹപ്രവർത്തകരുടെ വിമർശനങ്ങളെ ക്രിയാത്മകമായി സ്വീകരിക്കുവാൻ മാനസികമായി സജ്ജമാകുമ്പോൾ സുഹൃത് ബന്ധങ്ങൾ ദൃഢപ്പെടുത്തി തൊഴിലിടങ്ങളിൽ പ്രവർത്തിക്കുവാനും ശാന്തവും മധുരവുമായ അന്തരീക്ഷം സൃഷ്ടിക്കുവാനും സാധിക്കും. മറ്റുള്ളവരെ സദാ കുറ്റപ്പെടുത്താതെ സ്വയം തിരുത്തുവാൻ അഭ്യസിക്കുക, ഏൽപ്പിച്ചിരിക്കുന്ന ഉത്തവാദിത്തങ്ങളെക്കുറിച്ച് ജീവിതപങ്കാളിയുമായി ചർച്ച ചെയ്യുകയും കുടുംബാന്തരീക്ഷത്തിലുള്ള പ്രായമായവരേയും കുഞ്ഞുങ്ങളേയും ഉത്തരവാദിത്തങ്ങൾ സാവകാശം അറിയിക്കുകയും ചെയ്യുമ്പോൾ അവരുടെ പ്രോത്സാഹനവം സ്നേഹവും സഹകരണവും ലഭിക്കുവാൻ സാധ്യതയേറും.

ഔദ്യോഗികരംഗത്ത് സഹപ്രവർത്തകർക്ക് സ്വാന്ത്വനമേകാം; എന്നാൽ അതിരുകവിഞ്ഞ അവരുടെ സ്വകാര്യതയിൽ ഇടപെടാതിരിക്കുക, ധാർമ്മികമായ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തനനിരതരാകുക. കണ്ണുനീരോടുകൂടെയുള്ള പ്രാർത്ഥനയും കഠിനാധ്വാനവും പ്രതിസന്ധികളിൽ ദൈവത്തിലുള്ള പരിപൂർണ്ണമായ ആശ്രയവും പരിരക്ഷിക്കുക. വിനയത്തോടും സഹാനുഭൂതിയോടുകൂടിയുള്ള പെരുമാറ്റം സഹപ്രവർത്തകരുടെ സഹകരണത്തിനും സഹായത്തിനും നിർണ്ണായക ഘടകമാണ്. പരുഷമായ വാക്കുകളും അഹന്തയോടെയുള്ള പെരുമാറ്റവും മാനസികമായ ഉത്കണ്ഠയും നിരാശയും വരാതെ ദൈവകേന്ദ്രീകൃതമായി ജീവിക്കുമ്പോഴും വിവിധകാര്യങ്ങളിൽ യഥോചിതം ഏർപ്പെടുമ്പോഴും സ്വസ്ഥതയും സമാധാനവും ലഭിക്കും. പ്രയാസങ്ങളും പ്രതിസന്ധികളും വരുമ്പോൾ മറ്റുള്ളവരെ വിമർശിക്കാതെ സ്വയം തിരുത്തലുകൾ വരുത്തി കർമ്മനിരതരാകേണ്ടതാണ്.

**സമ്മർദ്ദങ്ങൾ ലഘൂകരിക്കുവാൻ**

സമയം, ധനം, താലന്തുകൾ ഇവയുടെ വിലയും സാദ്ധ്യതയും മനസ്സിലാക്കി പ്രവർത്തിക്കുക.

ഗാർഹികകാര്യങ്ങൾക്കും ഔദ്യോഗിക ചുമതലകൾക്കും അതതിനു കൊടുക്കേണ്ട മുൻഗണനാക്രമവും അനുപാതവും സൂക്ഷിക്കുക.

ദാമ്പത്യം എന്ന കൂട്ടുത്തരവാദിത്തത്തിൽ പരസ്പരം ഭരിക്കാതെ ദൈവാശ്രയത്തോടും ദൃഢനിശ്ചയത്തോടും ഭാരങ്ങൾ പങ്കുവെച്ച് കുടുംബാന്തരീക്ഷനില സൗഹാർദ്ദപരമായ കൂട്ടായ്മയായി പരിപാലിക്കുക. പരസ്പരധാരണയോടെ തീരുമാനങ്ങൾ കൈക്കൊള്ളുക.

സമയപരിപാലനത്തിന് സ്ത്രീകൾ ഇരുചക്രവാഹനമെങ്കിലും ഉപയോഗിക്കുക.

ഗാർഹിക ക്രമീകരണങ്ങളിലും ഭക്ഷണ കാര്യങ്ങളിലും കുഞ്ഞുങ്ങളെ വളർത്തുന്നതിലും വൃദ്ധജനസംരക്ഷണത്തിലും കൂട്ടായ പ്രവർത്തം നടത്തുക.

അവധി ദിവസങ്ങളിൽ വിശ്രമത്തിനും വിനോദത്തിനും സമയം കണ്ടെത്തുക.

കുടുംബജീവിതത്തിൽ നിസ്സംഗതയും അവഗണനയും ഒഴിവാക്കി ബഹുവിധകാര്യങ്ങൾ ചെയ്യുവാൻ സ്വയം പരിശീലിക്കുക, മറ്റുള്ളവരെ പരിശീലിപ്പിക്കുക.

ദമ്പതികൾക്കിടയിൽ 'മറ്റു സ്നേഹം' വരാതെ സൂക്ഷിക്കുക.

പരസ്പരം അഭിനന്ദിക്കുവാനും അംഗീകരിക്കുവാനും ശ്രദ്ധിക്കുക.

ഒരു കാരണവശാലും അന്യോന്യം താഴ്ത്തിക്കെട്ടുകയോ പരിഹസിക്കുകയോ ചെയ്യാതിരിക്കുക.

ഒരുമിച്ചു പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുക. ഇലക്ട്രോണിക് ഉപകരണങ്ങളുടെ അടിമകളാകാതെ അന്യോന്യം കാണുവാനും കേൾക്കുവാനും മനസ്സിലാക്കുവാനും ആശ്വസിപ്പിക്കുവാനും സമയംകണ്ടെത്തുക.

പരസ്പരം വിശ്വാസത്തോടും വിശ്വസ്തതയോടും സമ്പൂർണ്ണമായ ദൈവീക സമർപ്പണത്തോടും സാമൂഹിക പ്രതിബദ്ധതയോടും കൂടെ മൂല്യബോധമുള്ള ഇഴയടുപ്പമുള്ള ജീവിതം നയിക്കുമ്പോൾ സമ്മർദ്ദങ്ങളിൽ ദൈവത്തിന്റെ താങ്ങുംതണലും അനുഭവിച്ചറിയുവാൻ സാധിക്കും.

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. (100 ഡോളർ) |

(2-ാം പേജിൽ നിന്ന് തുടർച്ച)

എന്തു നന്മ വരുത്തുമെന്നു ചിന്തിക്കേണ്ടതാണ്. മാറ്റങ്ങളെല്ലാം പരിഷ്കാരങ്ങളല്ല. മാറ്റം പോരാ. പരിഷ്കാരമാണ് വേണ്ടത്.

വിദ്യാർത്ഥികളെ പഠനക്രിയയിൽ സഹായിച്ച് സമർത്ഥരാക്കിയെടുക്കുന്നതിൽ അധ്യാപകരുടെ പങ്ക് എല്ലാവരും തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അതിനവർക്ക് സാഹചര്യമൊരുക്കിക്കൊടുക്കേണ്ട കാര്യം പൊതുജനം ശ്രദ്ധിക്കാറില്ല. മാത്രവുമല്ല, നല്ലഅധ്യാപകർ നല്ല വിദ്യാർത്ഥികളെ വാർത്തെടുക്കുന്നു എന്നതുപോലെ നല്ല വിദ്യാർത്ഥികൾ നല്ല അധ്യാപകരെ സൃഷ്ടിക്കുന്നു എന്നതും പരമാർത്ഥമാണ്. കുട്ടികളുടെ ക്ലാസ്സിലെ പെരുമാറ്റവും ശ്രദ്ധയും പഠിക്കാനുള്ള താത്പര്യവും, ബുദ്ധിപൂർവ്വമായ സംശയപ്രകടനവുമെല്ലാം ഒരധ്യാപകനെ കർമ്മോത്സുകനാക്കും. ആവശ്യക്കാരായ വിദ്യാർത്ഥികൾക്ക് അറിവു വിളമ്പാതിരിക്കാൻ ഒരദ്ധ്യാപകനും സാധിക്കുകയില്ല. അത് അദ്ദേഹത്തെ കൂടുതൽ അറിവു നേടുന്നതിനും കുട്ടികൾക്ക് പകർന്നു നൽകുന്നതിനും പ്രേരിപ്പിക്കും. അതായത് 'Child is the father of man' എന്ന പോലെ Student is the maker of teacher എന്നതും സത്യമാണ്. അതായത് വിദ്യാർത്ഥികളിൽ അച്ചടക്ക രാഹിത്യം പ്രചരിപ്പിക്കുന്നത് അധ്യാപകർക്ക് വംശനാശ ഭീഷണി സൃഷ്ടിക്കുകായണ് എന്ന് സാമൂഹ്യ മാറ്റ ആവേശത്തിനിടയിൽ അതിന്റെ പ്രവർത്തകർ മറന്നു പോകരുത്.

മാനാഞ്ചിറയിലെ സഹതാപ സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് എഴുത്തുകാരി വി.പി. സുഹറ ഇങ്ങനെ പറഞ്ഞു. "ഒരു മതവും ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരിക്കുന്നതിനെ വിലക്കുന്നില്ല. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ മതപ്രമാണങ്ങളെ വളച്ചൊടിച്ച് ലിംഗവിവേചനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണിന്ന്." ഇസ്ലാം മതം സ്ത്രീകൾക്ക് പള്ളി ആരാധന പോലും വിലക്കിയിട്ടുള്ള കാര്യം സുഹറ അറിയാഞ്ഞിട്ടാണോ അതിനെതിരെ പ്രക്ഷോഭമാരംഭിക്കാത്തത്?

കേരളത്തിലോടുന്ന എല്ലാ ബസ്സുകളിലും ഈ മുന്നറിയിപ്പുണ്ട്. 'സ്ത്രീകളുടെ സീറ്റിൽ പുരുഷൻമാർ ഇരിക്കുന്നത് ശിക്ഷാർഹമാണ്.' ഇവിടത്തെ സാംസ്കാരിക നായകന്മാർ ബസ്സിൽ സഞ്ചരിക്കാത്തതിനാൽ ഇതു കാണാറുമില്ല. അതിനെതിരെ പ്രതികരിക്കാറുമില്ല. ഫാറൂഖ് കോളജിൽ ആൺപെൺ വിദ്യാർത്ഥികളെ ഇടകലർന്നിരിക്കാൻ അനുവദിക്കാത്തതിലാണ് പ്രതിഷേധവും സമരാഹ്വാനവും. വിദ്യാഭ്യാസ രംഗത്തെ സമാധാനം കെടുത്തുന്ന സംരംഭമായി ഇതിനെ കണ്ട് നിരുത്സാഹപ്പെടുത്തേണ്ടത് വിവേകമുള്ള എല്ലാവരുടെയും കടമയാണ്.

**കവിത**

# മാറുന്ന നാട്ടിൻപുറം



അശ്വതി സാന്റി ബിനോയ്

ഓർമ്മയിലെന്നും നിറഞ്ഞുനിൽപ്പൂ
നന്മവിളയുമെൻ കൊച്ചുഗ്രാമം
തോടും പുഴയും നീർചാലുകളും
കൈകോർത്തൊഴുകുന്ന പുണ്യദേശം
മരതകപ്പച്ച പതിച്ചപാട-
ത്തങ്ങിങ്ങു മേയുന്ന പൈ,കിടാങ്ങൾ
തെന്നലിലാടും കതിർക്കുലകൾ
കൊത്തിപ്പറക്കുന്ന തത്തകളും
കേരവൃക്ഷങ്ങൾ നിരന്നു നിൽക്കും
തീരവും മേടും വയൽവരമ്പും
എല്ലാമെല്ലാമിന്നൊരോർമ്മമാത്രം
മർത്ത്യന്റെ ക്രൂരതതന്നെ ഹേതു.
നെൽക്കൃഷിയോടു വിടപറഞ്ഞു
പാടങ്ങളിഷ്ടികച്ചൂളകളായ്!

ഞാറുനടീലില്ല, പാട്ടുമില്ല
നൃത്തമാടുന്ന കതിരുമില്ല.
കൊയ്ത്തുമെതിയില്ല തോമ്പുണക്കും
നാടിനോടെന്നേ വിടപറഞ്ഞൂ!
ഭൂമിയെ ചൂഷണം ചെയ്തു ലോകർ
സ്വർഗ്ഗം പണിയാൻ പണിപ്പെടുന്നു
നാടു കോൺക്രീറ്റിന്റെ കൂനയായി
സ്വപ്നപ്രതീക്ഷകൾ ചാമ്പലായി.
കൃത്രിമമെങ്ങും കൊടികൾ നാട്ടി
സ്വച്ഛസൗന്ദര്യം കടങ്കഥയായ്
ക്ഷോണിതൻ രോദനം കേട്ടിടാതെ
ആർത്തിപൂണ്ടീ നില പിന്തുടർന്നാൽ
ഊഷരഭൂമിയായ് നാടുതീരും
പൊൻമുട്ടത്താറാവുസാക്ഷ്യപത്രം!

## കത്തോലിക്കരും ഇവാഞ്ചലിസ്റ്റുകളും ഐക്യത്തിന്റെ പാതയിൽ

ഇവാഞ്ചലിക്കൽ സഭയും കത്തോലിക്കാസഭയും തമ്മിൽ ഐക്യത്തിനുള്ള രൂപരേഖ തയ്യാറാകുന്നു. 2017-ഓടെ ഇതിനുള്ള രൂപരേഖ തയ്യാറാക്കി ഒപ്പുവയ്ക്കുമെന്നാണ് അറിയുന്നത്. മാർട്ടിൻ ലൂഥറിന്റെ നവീകരണത്തോടെയാണ് പാശ്ചാത്യലോകത്ത് ഇവാഞ്ചലിക്കൽ സഭയുടെ ആവിർഭാവം സംഭവിക്കുന്നത്. വേദശാസ്ത്രത്തിന്റെ അടിസ്ഥാന രീതിശാസ്ത്രം കത്തോലിക്കാസഭയുമായി ഇവാഞ്ചലിക്കൽ സഭകൾ പങ്കുവയ്ക്കുന്നു എന്നതാണ് ഐക്യത്തിലേക്കുള്ള ചർച്ചകൾ കൂടുതൽ സുഗമമാക്കുന്നത്. ഇവാഞ്ചലിസ്റ്റുകളുടെ ചരിത്രവും വിശ്വാസ പ്രബോധനരീതികളും വ്യത്യസ്തമായിരിക്കുന്നു എന്നത് ചർച്ചകൾക്ക് വലിയ വെല്ലുവിളിയാകുന്നുണ്ട്.

'സഭ' എന്താണ് എന്നതിനെക്കുറിച്ചുള്ള ആഴമായ ബോധമാണ് ഈ ചർച്ചകൾക്ക് നേതൃത്വം നൽകാൻ ഫ്രാൻസിസ് മാർപ്പാപ്പയെ ശാക്തീകരിക്കുന്നത് എന്നാണ് ഇതു സംബന്ധിച്ചുള്ള സുപ്രധാനമായ വിശദീകരണം. മാമ്മോദീസായിലൂടെ ഒരു വിശ്വാസി സ്വീകരിക്കുന്നത് ക്രിസ്തുവിൽ അനുഭവിക്കുന്ന സ്നേഹത്തിന്റെ ഐക്യമാണ്. പാപ്പാ എന്ന നിലയിൽ വിഭജിക്കുന്ന ദൈവശാസ്ത്രങ്ങളെ ചർച്ച ചെയ്യുന്നതിൽ അദ്ദേഹം വിമുഖത കാണിച്ച് ഒരുമിപ്പിക്കുന്ന ഘടകങ്ങളെ സ്നേഹിക്കാൻ പഠിപ്പിക്കുകയാണ് ഈ നീക്കങ്ങളിലൂടെ ഫ്രാൻസിസ് മാർപ്പാപ്പയുമായി കൺവേർജസ് മൂവ്മെന്റിന്റെ തലവനും സൗത്ത് ആഫ്രിക്കൻ പാസ്റ്ററുമായ റ്റോണി പാൽമറെയുമായുള്ള സൗഹൃദമാണ് ഐക്യത്തിന്റെ പാതയിൽ മുന്നേറാൻ സഹായകമായത്. 2006-ൽ ഇവാഞ്ചലിക്കൽ സഭാസമൂഹത്തിന്റെ മുൻപിൽ മുട്ടുകുത്തി അവരുടെ കരങ്ങൾ ഉയർത്തിയുള്ള പ്രാർത്ഥനയ്ക്കുമുമ്പിൽ തലകുനിച്ചു നിൽക്കുന്ന കർദ്ദിനാൾ ബർഗോളിയോയെ ലോകം കണ്ടു. സഭ-വേദശാസ്ത്ര മതിൽക്കെട്ടുകൾക്ക് അപ്പുറത്തേയ്ക്ക് സഞ്ചരിക്കാൻ പ്രേരകമായതിന്റെ അനുഭവമായിരുന്നു ഇത്. സഭ ദൈവത്തിന്റേതാണ് എന്ന് പിന്നീട് മാർപ്പാപ്പാസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട കർദ്ദിനാൾ ബർഗോളിയോ തന്നെ സമ്മതിക്കുന്നുണ്ട്. സഭ തന്റെ സ്വന്തമല്ല, സ്ഥാപനവുമല്ല എന്ന വിശ്വാസപരമായ ബോധ്യമുള്ളവർക്കു മാത്രമാണ് കൈകോർത്തു പിടിച്ചു നടക്കാൻ ധൈര്യം ഉണ്ടാവുക. ക്രിസ്തീയ സഭകൾക്ക് എന്നും ലോകത്തിന് സംഭാവന ചെയ്യാൻ സാധിക്കേണ്ടത് ഐക്യത്തിനായുള്ള രൂപങ്ങളെയാണ്. സ്നേഹത്തിലടിസ്ഥാനമായ ഐക്യത്തിലൂടെ മാത്രമേ ആശയപരമായ ഐക്യത്തിന്റെ മേഖലകളിലേക്ക് എത്തിച്ചേരാൻ സാധിക്കൂ എന്നതിന് ചരിത്രം തന്നെ ഉദാഹരണങ്ങൾ നൽകുന്നുണ്ട്. ഈ ഐക്യശ്രമങ്ങൾ ആഗോള ക്രൈസ്തവ ജീവിതസരണിയിൽ വലിയ കാൽവയ്പായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കാം.


**SANTHULA TRUST HOSPITAL**

**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**



*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015

Date of Publication 15-11-2015
Price Rs. 10/-

Licence No. KL/CR/ALU/WPP-02/2013-15
Licensed to Post Without Pre-payment

# DIOCESAN BULLETIN

## ഭദ്രാസന വാർഷികപൊതുയോഗം

കണ്ടനാട് ഈസ്റ്റ് ഭദ്രാസന വാർഷിക പൊതുയോഗം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ ഈ മാസം 10-ാം തീയതി ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപുഴ അരമനയിൽ വച്ച് നടന്നു. 2014-2015 വർഷത്തെ ഭദ്രാസന വാർഷിക റിപ്പോർട്ട്, കണക്ക്, 2015-2016 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ യോഗം പാസാക്കി. പ്രതിനിധികളുടെ ചോദ്യങ്ങൾക്ക് സെക്രട്ടറി മറുപടി പറഞ്ഞു.

## ഒന്നാംറാങ്ക് നേടി



ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് കുമാരി അലീന ബെന്നി എം.ടെക്കിന് (സ്ട്രക്ചറൽ എഞ്ചിനിയറിംഗ്) ഒന്നാംറാങ്ക് നേടി. പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ ചേന്നാട്ടേൽ ബെന്നി മാത്യുവിന്റേയും മോളിയുടേയും മകളാണ് അലീന.

## സൺഡേസ്കൂൾ വാർത്തകൾ

1) കണ്ടനാട് ഈസ്റ്റ് ഭദ്രാസന സൺഡേസ്കൂൾ അദ്ധ്യാപക ക്യാമ്പ് മൂവാറ്റുപുഴ അരമനപ്പള്ളിയിൽ വച്ച് ഒക്ടോബർ 22, 23 തീയതികളിൽ നടന്നു. പ്രസ്തുത ക്യാമ്പിൽ വിവിധ ക്ലാസ്സുകൾക്ക് ഡോ. ചെറിയാൻ തോമസ്, ഫാ. എബ്രാഹാം കാരാമ്മേൽ, ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ എന്നിവർ നേതൃത്വം നൽകി. നൂറോളം അദ്ധ്യാപകർ ക്യാമ്പിൽ പങ്കെടുത്തു. ഇതിൽ പങ്കെടുത്ത എല്ലാ അദ്ധ്യാപകരേയും യോഗം അനുമോദിക്കുന്നു.

2) സൺഡേസ്കൂൾ വാർഷികപ്പരീക്ഷ ഡിസംബർ 6-ാം തീയതി ഞായറാഴ്ച നടക്കും. 1-ാം ക്ലാസ്സുമുതൽ 9-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കാണ് അന്നേദിവസം പരീക്ഷ നടക്കുന്നത്. പരീക്ഷ സംബന്ധിച്ച വിശദവിവരങ്ങൾ സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ വഴി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരെ അറിയിക്കുന്നതായിരിക്കും. സൺഡേസ്കൂൾ വിദ്യാർത്ഥികൾ വാർഷിക പരീക്ഷയ്ക്കായി പ്രത്യേകം ഒരുങ്ങണമെന്ന് അറിയിക്കുന്നു.

3) സൺഡേസ്കൂൾ 10-ാം ക്ലാസ്സിലേയും 12-ാം ക്ലാസ്സിലേയും പരീക്ഷ ഡിസംബർ 26-ാം തീയതി ശനിയാഴ്ച നടക്കും. ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ പരീക്ഷാകേന്ദ്രങ്ങൾ സംബന്ധിച്ച് സൺഡേസ്കൂളുകളെ അറിയിക്കുന്നതായിരിക്കും.

ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ, ഡയറക്ടർ

## സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിലെ പ്രധാന പെരുന്നാൾ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ആസ്ഥാന ദേവാലയമായ സെന്റ് തോമസ് കത്തീഡ്രലിലെ മാർ തോമാ ശ്ലീഹായുടെ ദുഖ്റോനോ പെരുന്നാൾ ഡിസംബർ 19, 20 (ശനി, ഞായർ) തീയതികളിൽ നടക്കും. പെരുന്നാളിന്റെ ഭംഗിയായ നടത്തിപ്പിലേയ്ക്കായി പള്ളി വികാരിമാരായ ഫാ. എഡ്വേർഡ് ജോർജ്ജ്, ഫാ. ബിനോയ് ജോൺ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

## ക്രിസ്തുമസ് കുടുംബസംഗമവും കാരൾഗാന മത്സരവും

കണ്ടനാട് ഈസ്റ്റ് ഭദ്രാസന യുവജന പ്രസ്ഥാനം എല്ലാവർഷവും നടത്തിവരുന്ന ക്രിസ്മസ് കുടുംബസംഗമവും കാരൾഗാനമത്സരവും ഡിസംബർ 27-ാം തീയതി ഞായറാഴ്ച മൂവാറ്റുപുഴ അരമനഹാളിൽ വച്ച് നടക്കും. അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് പൊതുസമ്മേളനം ആരംഭിക്കും. തുടർന്ന് യുവജനപ്രസ്ഥാനം എല്ലാ വർഷവും നൽകുന്ന 'ഹയ്ലോ' (Hailo) അവാർഡ് വിതരണവും ഭദ്രാസന ഇടവകയിലെ വിവിധ ദേവാലയങ്ങൾ പങ്കെടുക്കുന്ന കാരൾഗാനമത്സരവും നടക്കും. പ്രോഗ്രാം സംബന്ധിച്ച യുവജനപ്രസ്ഥാന ഭദ്രാസന ക്കമ്മറ്റിയുടെ സർക്കുലർ പള്ളികൾക്കും ഭാരവാഹികൾക്കും ലഭിക്കുന്നതാണ്.

## അനുസ്മരിച്ചു

കണ്ടനാട് ഭദ്രാസനത്തിലെ സീനിയർ വൈദീകനായിരുന്ന മണ്ണാത്തിക്കുളത്തിൽ ജോൺ കോർ എപ്പിസ്കോപ്പായുടെ ഒന്നാം ചരമവാർഷികം ഭക്തിപൂർവ്വം ആചരിച്ചു. നവംബർ 4-ാം തീയതി ബുധനാഴ്ച ഓണക്കൂർ മാർ ഇഗ്നാത്തിയോസ് സെഹിയോൻ ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വികാരി ഫാ. വിജു ഏലിയാസ് വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് സെമിത്തേരിയിലും ബഹു. അച്ചന്റെ ഭവനത്തിലും അനുസ്മരണ പ്രാർത്ഥന നടത്തി. അച്ചന്റെ ഓർമ്മദിനത്തിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനം ആദരാഞ്ജലികൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

## ഡയോസിസൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ
എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha